# വിഷയവിവരം.


പ്രകരണാന്തരങ്ങൾ

— പി. എസ്സ്. അനന്തനാരായണശാസ്ത്രി.

പാടുക, പാടുക

— വള്ളത്തോൾ.

സാഹിത്യത്തിൽ ഉദ്ദേശ്യം

— കണ്ണൻ ജനാർദ്ദനൻ.

സ്വാമിശ്രദ്ധാനന്ദൻ

— എൻ. ആർ.

കവികളും സാഹിത്യവും

— വിദ്വാൻ കെ. കുഞ്ഞുണ്ണി.

മാമ്പഴം

— പ്രേമ്ജി

വിധവ

— ഉദയശങ്കർ.

14 JAN 19?7


# കൈരളി

| | | |
|---|---|---|
| പുസ്തകം ൨൧. | ൧൧൧൨ വൃശ്ചികം | ലക്കം ൨ |


## പ്രകരണാന്തരങ്ങൾ.

— പി. എസ്സ്. അനന്തനാരായണശാസ്ത്രി.

ഗംഭീരാശയന്മാരായ മഹാകവികളുടെ വചനങ്ങളിൽ നിഗ്ര ഢങ്ങളായി കിടക്കുന്ന പല ആശയരത്നങ്ങളും പ്രകരണാന്തരങ്ങളിൽ നിന്നു വിശദമായി തീരാറുണ്ട്. മഹാകവികളുടെ കൃതികൾ സമഗ്രമായി വായിക്കാത്തവൎക്കു അവരുടെ നിഗ്രഢാഭിപ്രായങ്ങൾ പലപ്പോഴും അവിദിതങ്ങളായി നഷ്ടപ്പെട്ടുപോകുന്നതാണ്. ചമത്കാരം നന്നായി ആസ്വദിക്കുവാനാഗ്രഹിക്കുന്നവർ കവിയുടെ കൃതികളെല്ലാം സമഗ്രമായി പഠിക്കേണ്ടതാണെന്നുള്ള തത്വത്തെ ദൃഢീകരിക്കുന്ന ചില ദൃഷ്ടാന്തങ്ങൾ കാളിദാസകൃതികളിൽനിന്നും എടുത്തുകാണിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശം.

രഘുവംശം രണ്ടാം സർഗ്ഗത്തിലെ ആദ്യശ്ലോകമായ,

അഥ പ്രജാനാമധിപഃ പ്രഭാതെ
ജായാപ്രതിഗ്രാഹിതഗന്ധമാല്യാം!
വനായ പീത പ്രതിബദ്ധവത്സാം
യശോധനോ ധേനുമൃഷേർമുമോച !!

എന്നതിൽ 'പൃത്ഥ്വീപ്സയാ' എന്നോ മറ്റോ പറയാതെ 'യശോധനഃ' എന്നു രാജാവിനെ വിശേഷിപ്പിച്ചതു് എന്തൊരൎത്ഥവിശേഷത്തെയാണ് സൂചിപ്പിക്കുന്നതെന്നു യഥാശ്രുതത്തിൽ സ്ഫുരിക്കുന്നതല്ല. എന്നാൽ,

അപി സ്വദേഹാത് കിമുതേന്ദ്രിയാർത്ഥാൽ
യശോധനാനാം ഹി യശോ ഗരീയഃ!

[രഘുവംശം. 14. 35]

എന്നിങ്ങനെ യശോധനശബ്ദാർത്ഥത്തെ കവിതന്നെ പ്രതിപാദിച്ചിട്ടുള്ളതു കാണുമ്പോൾ മുകളിൽ വർണ്ണിപ്പാൻപോകുന്ന സിംഹത്തിന്നിരയായ ധേനുവിനെ രക്ഷിപ്പാനായി രാജാവിന്റെ ശരീരത്യാഗസന്നാഹത്തെയാണ് ഈ വിശേഷണം സൂചിപ്പിക്കുന്നതെന്നു സ്പഷ്ടമാകുന്നു.

ചിത്രേ നിവേശ്യ പരികല്പിതസത്വയോഗാ
രൂപോച്ചയേന വിധിനാ മനസാ കൃതാനു!
സ്ത്രീരത്നസൃഷ്ടിരപരാ പ്രതിഭാതി സാ മേ
ധാതുർവിഭുത്വമനുചിന്ത്യ വപുശ്ച തസ്യാഃ

[ശാകുന്തളം—2—9]

ഇതിലെ "രൂപോച്ചയേന" എന്നതിന്റെ വിവക്ഷിതാർത്ഥം ശരിയായി ധരിക്കേണമെങ്കിൽ,

സർവ്വോപമാദ്രവ്യസമുച്ചയേന
യഥാപ്രദേശം വിനിവേശിതേന,
സാ നിർമ്മിതാ വിശ്വസൃജാ പ്രയത്നാ-
ദേകസ്ഥസൌന്ദര്യദിദൃക്ഷയേവ! [കുമാരസംഭവം 1-49]

എന്ന കുമാരസംഭവപദ്യം ഉപസ്ഥിതമാക്കുകതന്നെവേണം. ഈ വർണ്ണനയിൽനിന്നും ഒരുയന്ത്രപ്പടിയിലാണു ശകുന്തളാസൌന്ദര്യത്തെ കവി പ്രതിഷ്ഠിച്ചിട്ടുള്ളതു്. അതിന്റെ ജീവനാണ് 'മനസാ' എന്ന ഭാഗം.

ഇപ്രകാരംതന്നെ ശാകുന്തളം ഒന്നാമങ്കത്തിലെ,

"അയെ, ഏതാസ്തപസ്വികന്യകാഃ സ്വപ്രമാ-
ണാനുരൂപൈഃ സേചനഘടൈർബ്ബാല-
പാദപേഭ്യഃ പയോ ദാതും ഇത ഏവ.
അഭിവർത്തന്തേ" എന്ന വാക്യത്തിലെ "പയോദാതും" എന്ന ഭാഗത്തെ "വെള്ളം നനപ്പാൻ" എന്നു തർജ്ജമചെയ്തിട്ടുള്ളവർ കാളിദാസസൂക്തിയുടെ സാരം മുഴുവൻ വരുത്തീട്ടുണ്ടെന്നു തോന്നുന്നില്ല. ഗൌരി

യുടെ പ്രേമാസ്പദമായ ദേവദാരുവിനെ രഘുവംശത്തിൽ ഇങ്ങനെ വർണ്ണിക്കുന്നു:—

അമും പുരഃ പശ്യസി ദേവദാരും
പുത്രീകൃതോസൌ വൃഷഭധ്വജേന,
യോ ഹേമകുംഭ സ്തനനിസ്സൃതാനാം
സ്കന്ദസ്യമാതുഃ പയസാം രസജ്ഞഃ! [രഘുവംശം 2-36]

ഇതിലെ പയശ്ശബ്ദാശ്രിതമായ ശ്ലേഷം ഗൌരിക്കു വൃക്ഷത്തോടുണ്ടായിരുന്ന പൂർവ്വവാത്സല്യത്തെ പ്രതിപാദിക്കുന്നു. അതുപോലെ താപസകന്യമാരുടെ വൃക്ഷസേചനം സ്തന്യദാനതുല്യമാണെന്നു ധ്വനിപ്പിപ്പാനായിട്ടാണ് കവി 'പയോദാതും' എന്നു പ്രയോഗിച്ചിട്ടുള്ളതു്. പയോദാന (ജലസേചന) മാകുന്ന പയോദാനം (സ്തന്യദാനം) എന്നർത്ഥം.

പയോഘടൈരാശ്രമ ബാലവൃക്ഷാൻ
സംവർദ്ധയന്തീ സ്വബലാനുരൂപൈഃ!
അസംശയം പ്രാക്തനയോപപത്തേഃ
സ്തനംധയപ്രീതി മവാപ്സ്യസിത്വമ്.! [രഘുവംശം-13-78]

എന്നു മറെറാരിടത്തും പുത്രൻ ജനിച്ചിട്ടില്ലാത്ത ദശയിലും പുത്രനുണ്ടായാലത്തെ ആഹ്ലാദം വർണ്ണിക്കുന്ന കവി 'പയഃ' ശബ്ദംതന്നെയാണു പ്രയോഗിച്ചിരിക്കുന്നതു്. ഈ ശ്ലോകത്തിനും മേലുദ്ധരിച്ച ശാകുന്തളവാക്യത്തിനും തമ്മിലുള്ള സംവാദം പ്രത്യേകിച്ചും ശ്രദ്ധേയമാണ്. സപ്തമാങ്കത്തിലെ 'സ്തനലാവണ്ണ' ഇത്യാദി പ്രയോഗങ്ങൾപോലെ ഇതും പദാന്തരംകൊണ്ടു പ്രതിപാദിപ്പാൻ കഴിയാത്ത അർത്ഥത്തെ അന്തർഭവിച്ചിട്ടുള്ള ഒരു ഭാഗമാണെന്നു സാരം.

നനമയിതു മധിജ്യമസ്മി ശക്തോ
ധനുരിദമാഹിതസായകം മൃഗേഷു!
സഹവസതിമുപേത്യയൈഃ പ്രിയായാഃ
കൃത ഇവ മുഗ്ദ്ധവിലോകിതോപദേശഃ!!

[ശാകുന്തളം—2—3]

എന്ന പദ്യത്തിലെ 'പ്രിയായാ:' എന്ന വിഭക്തിശ്ലേഷം ഇതിലുമധികം വ്യംഗ്യഭംഗിയുള്ളതും വിവർത്തനാക്ഷമവുമാണ്. 'പ്രിയായാ:' എന്ന പദം ഷഷ്ഠ്യന്തമാണെങ്കിൽ ശകുന്തളക്കു മൃഗങ്ങൾ മുഗ്ദ്ധവിലോകനം

പഠിപ്പിച്ചിട്ടുള്ളതായി വിചാരിക്കണം. പശ്ചമൃന്തമാണെങ്കിൽ ശകുന്തളയിൽ നിന്നു മൃഗങ്ങൾ മുഗ്ദ്ധവിലോകനം പഠിച്ചതായി ധരിക്കണം. ഇതിൽ ഏതാണെന്നുള്ള നിശ്ചയം പറവാൻ പാടില്ലാത്തവിധമുള്ള സാദൃശ്യാതിശയത്തെ പ്രതിപാദിപ്പാനായി കവി ശ്ലിഷ്ടമായ വിഭക്തി പ്രയോഗത്തെ ആശ്രയിച്ചിരിക്കണം. ഉമാസൌന്ദർയ്യവർണ്ണനത്തിൽ,

പ്രവാതനീലോത്പല നിർവിശേഷ-
മധീരവിപ്രേക്ഷിതമായതാക്ഷ്യാ।
തയാ ഗൃഹീതം നു മൃഗാംഗനാഭ്യ-
സ്തതോ ഗൃഹീതം നു മൃഗാംഗനാഭിഃ

കുമാരസംഭവം [—1—46]

എന്നിങ്ങനെ സംശയപർയ്യവസായിയായ അർത്ഥത്തെ വാച്യമായി നിബന്ധിച്ചിട്ടുള്ള കവി വ്യംഗ്യവൃത്ത്യാ ഇവിടെ സംശയം നിബന്ധിച്ചിരിപ്പാൻ ധാരാളം അവകാശമുണ്ട്.

അലങ്കാരങ്ങളിലും ചില സാരാംശങ്ങൾ പ്രകരണാന്തരം കൊണ്ടു സ്പഷ്ടമാകുന്നതിലേക്കു് ഒരുദാഹരണം കാണിക്കാം.

ഭൂയസ്തതോ രഘുപതിർവ്വില സത്പതാക-
മധ്യാസ്യ കാമഗതി സാവരജോ വിമാനമ്!
ദോഷാതനം ബുധബൃഹസ്പതിയോഗദൃശ്യ-
സ്താരാപതിസ്തരല വിദ്യുദിവാഭ്ര ബൃന്ദമ്!

[രഘുവംശം—13—76]

അതിരമണീയമായ ഈ ഉപമയിൽനിന്നു രാമന്നു ഇതരനൃപന്മാരിൽനിന്നുമുള്ള ഉത്കർഷംകൂടി ധ്വനിക്കുന്നുണ്ടു്. പതാകകളും വിദ്യുത്തിന്നും, ലക്ഷ്മണഭരതന്മാർക്കും ബുധബൃഹസ്പതികൾക്കും ഉള്ളതുപോലെ താരകൾക്കു് രഘുവംശജാതന്മാരായ നൃപന്മാർക്കുംകൂടി ബിംബപ്രതിബിംബഭാവം വിവക്ഷിതമാണു്. അങ്ങനെയാകുമ്പോൾ,

കാമം നൃപാസ്സന്തു സഹസ്രശോന്യേ
രാജന്വതീമാഹുരനേന ഭൂമിമ്!
നക്ഷത്രതാരാഗ്രഹ സംകുലാപി
ജ്യോതിഷ്മതീ ചന്ദ്രമസൈവരാത്രിഃ!

[രഘുവംശം—6—22]

എന്ന പദ്യത്തിലെ പ്രതിപാദ്യം മുഴുവനും ഇവിടെ യോജിപ്പിപ്പാനാണു കവിയുടെ താല്പര്യമെന്നു വിശദമാകുന്നു. രഘുവംശത്തിലെ വിമാനയാത്രാവൎണ്ണനം കവിയുടെ സ്വതന്ത്രകൃതിയായ മേഘസന്ദേശത്തിന്നു പുരോഗാമിയായ ഭാവനോത്തേജകമായിത്തീൎന്നിരിക്കാമെന്നു പറയുന്ന പാശ്ചാത്യവിമൎശകന്മാൎക്കു് ഒരു അവലംബംകൂടി ഈ ഉപമയിൽനിന്നു സിദ്ധിക്കുന്നു. കവിതന്നെ വിമാനത്തെ മേഘവൃന്ദത്തോടുപമിച്ചിട്ടുള്ളതിൽ വിമാനത്തിന്നും, മേഘത്തിന്നും വൎണ്ണനാവസരത്തിൽ പരിസ്ഫുരിച്ച സാദൃശ്യത്തെ രേഖപ്പെടുത്തുക കഴിഞ്ഞിട്ടുണ്ടു. 'കാമഗതി' എന്ന വിമാനവിശേഷണം മേഘവൃന്ദത്തിലും ചേരുന്നതാണ്. മേഘത്തെ കവി "കാമരൂപം മഘോനഃ" എന്നു വൎണ്ണിക്കുന്നുമുണ്ടു്.

രഘുവംശം രണ്ടാം സൎഗ്ഗവും കാദംബരി ശുകനാസോപദേശാന്തവും വായിച്ചു കൃതാൎത്ഥത നേടുന്ന നവിവിമൎശകന്മാർ മഹാകവികളുടെ ഇത്തരം ആശയങ്ങളിൽ പ്രവേശിക്കാത്തതിനെപ്പററി അത്ഭുതപ്പെടുവാനില്ല.

# 'പാടുക, പാടുക'

വള്ളത്തോൾ.

(പാന)

പാട്ടു പാടുക, പാടുക, കീചക
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം.
പച്ചയാമിലച്ചാർത്തിനാൽ വാനിനെ
സ്വച്ഛതസ്ഥയായ് ത്തൂടപ്പാൻ തുനിഞ്ഞ നീ,
വേലിയാം പൈതൽ കെട്ടിപ്പിടിച്ചുള്ള
കാലുമായെൻ പറമ്പിൻെറ കോണിതിൽ,
പൊക്കമാന്നൊരു ഗാരുത്മതോപല-
ത്തൃക്കൊടിമരംപോലെ വിളങ്ങുന്നും.
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം,

സൃഷ്ടിതന്നരിമാവുകൊണ്ടുള്ളൊരു
ചുട്ടി നെററിമേൽ മിന്നുമെൻപയ്യിതാ,
വായിൽനിന്നു പകുതി ചവച്ചതാം
വാരിളംപുല്ലു ഞാന്ന മുഖം പൊക്കി,
നിശ്ചലം ചെവി കൂർമ്പിപ്പൂ, നിന്നിൽനി-
ന്നുച്ചലിച്ച കുഴലൂത്തു കേൾക്കുവാൻ.
പണ്ടു പാവനവൃന്ദാവനംതന്നിൽ-
ക്കൊണ്ടൽവർണ്ണൻെറയോടക്കുഴൽവിളി—
ഉദ്യദോംകാരപൂർണ്ണമധുദ്രവ—
മുത്തമപ്രേമസംഗീതസന്ദേശം—
ആവതോളം നുകന്നിരുന്നോരാണീ-
ദ്ദേവിതൻ മുതുമുത്തശ്ശിമാർ പലർ।

അർത്ഥചിന്ത നില്ക്കട്ടെ; നിൻഗീതത്തിൻ
ശബ്ദഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാശ്ചസംസ്ഥയാം വംശലതയിതാ,
ചായ്ച്ചുകൊള്ളുന്നു തൻതല നിൻമാറിൽ.

വെള്ളിന്നേരൊളിപ്പൂക്കൾകൊണ്ടൊട്ടൊട്ടു
വെള്ളരിയേന്തി നില്ക്കുന്നു തുമ്പകൾ;
കത്തിച്ച തിരികൊണ്ടു നീരാജനാ-
കൃത്യവും തവ ചെയ്യവു മുക്കുറ്റികൾ.
ഹന്ത, നീ തലയാട്ടിക്കൊൾകാ, ട്ടിക്കൊൾ-
കെ,ന്തിതിൽപ്പരം കിട്ടേണ്ടു സൌഭാഗ്യം।

വൈണുക, സഖേ, നിന്നുള്ള പൊള്ളയെ-
ന്നാണു കേൾവി;-യതോർത്തല്ല ചൊൽവുഞാൻ:
ഇജ്ജയശ്രീസമാശ്ലേഷണാഹ്ലാദ-
മുജ്ജ്വലാഹന്തനാക്കരുതങ്ങയെ;
എങ്ങൊരൊച്ച തേ, ദൃശ്യനല്ലാത്തൊരു
സംഗഹീനനിവണ്ണമുൾപ്പൂകാട്ടിൽ?
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിർവൃതികൊള്ളട്ടെയിജ്ജനം.

(നവജീവൻ)

# സാഹിത്യത്തിൽ ഉദ്ദേശ്യം.

—കണ്ണൻ ജനാർദ്ദനൻ,

പലേ ലീലാവിനോദങ്ങളും ലൌകികമായി മനുഷ്യന്നുണ്ടല്ലോ. അങ്ങിനെയൊന്നിൽനിന്നു മനുഷ്യന്നു അപത്യങ്ങളുണ്ടാകുന്നു. അപത്യത്തെ ഉൽപാദിപ്പിച്ചതിന്നു അവന്നുള്ള ഉദ്ദേശം എന്താണെന്നു ആരാനും ചോദിച്ചാൽ അവൻ അല്പമൊന്നു പരുങ്ങിയേക്കും. പിന്നീട്ട അവൻ പല ഉദ്ദേശ്യങ്ങളേയും എടുത്തെടുത്തു കാണിക്കുമായിരിക്കാം. എന്നാൽ, സൂക്ഷ്മത്തിലേക്കു ബുദ്ധിയെ കൂർപ്പിച്ചുകൊണ്ടു കടത്തിയാൽ അവിടെ നാം കാണുന്നതു്, തന്നിൽനിന്നു അപത്യം ഉൽപന്നമായതിൽ അവൻ യാതൊരുദ്ദേശ്യത്തേയും കരുതിയിരുന്നില്ല എന്നാണു. അപത്യത്തിന്നുവേണ്ടി മനുഷ്യരിൽ ചിലർ നേരുന്നുണ്ടാവാം. ബഹുകാലം തപിച്ചിട്ടായിരിക്കാം ചിലൎക്കുണ്ടാകുന്ന അപത്യലാഭം. എങ്ങിനെയായാലും, ബലാൽ അവൻ ഉണ്ടാക്കുന്നുവെന്നതല്ലാ, പ്രകൃത്യാ അവനിൽ ഉണ്ടാകുന്നുവെന്നതാണു അനുഭവം. ഉണ്ടാക്കുന്നുവൊന്നാ, ഉണ്ടാക്കിയെന്നോ ഇക്കാൎയ്യത്തിൽ കരൊററ മനുഷ്യനും വിധിക്കാവതല്ല. ഉണ്ടായതിൽ അവൻ താനുണ്ടാക്കിയതു് എന്നു മമതകൊള്ളുന്നതു ശരി തന്നെ. ഉദ്ദേശ്യത്തെ പുരസ്കരിച്ചു്, കൎമ്മത്തിൽ പ്രവേശിച്ചു്, കാലത്രപനിൎണ്ണയംചെയ്തു്, ഫലത്തെ പ്രാപിക്കുകയെന്ന ആ സമ്പ്രദായം സമാന്യമായി അപത്യോൽപാദനത്തിൽ ഇല്ല.

ഇങ്ങിനെതന്നെയാണു കവികളിൽ നിന്നു് കവിതയുണ്ടാകുന്നതു്. അവരുണ്ടാക്കുന്ന കവിതയ്ക്കു് ഉദ്ദേശ്യമെന്തെന്നു് ആരാനും ചോദിച്ചാൽ അവർ വിഷമിച്ചേക്കും. അവർ സാഹിത്യവുമായി രമിച്ചുകൊണ്ടിരിക്കവേ, അതിൽനിന്നു ചിലതെല്ലാം ജനിക്കുന്നു; അവയെ നാം കൊണ്ടാടുന്നു; കൊണ്ടാടുന്നതിന്നിടക്കു്, എന്തിന്നവയെ ഉണ്ടാക്കി എന്നു അവയുടെ കൎത്താവിനോടു് ആരാനും ചോദിക്കുന്നതായാൽ, ആ ചോദ്യകാരന്നു താനപ്പോൾ ചെയ്യുന്നതെന്താണെന്നുപോലും അറിഞ്ഞുകൂടാ എന്നാണാകുക.

ഇങ്ങിനെയൊക്കെയാണെങ്കിലും, ഉദ്ദേശ്യത്തോടുകൂടിയേ സാഹിത്യത്തിൽ പ്രവൎത്തിക്കാവൂ എന്നാണല്ലോ ഈ വൈശ്യയുഗത്തിലെ ശാസനം. നമ്മേ ആ പരിപൂൎണ്ണാനന്ദംവരേക്കും നയിക്കുവാനുള്ളതായ സാഹിത്യത്തെ മനുഷ്യൻെറ ഈ തുച്ഛങ്ങളായ ലൌകികവ്യവഹാരങ്ങ

ൾക്കുള്ളിൽ ഇപ്പോൾ കെട്ടിയിട്ടിരിക്കുന്നു. സാമാന്യമനസ്സിന്നു ഉദ്ദേശിക്കാവുന്നേടത്തോളം മാത്രമേ സാഹിത്യത്തിന്നു ചെല്ലാവൂ എന്നു നിരോധിച്ചാൽ, ഇതല്ലാതെ മറ്റെന്താണു ദുഷ്കാലം !

കാലാധിപന്മാരായി ഈ സാഹിത്യകാരന്മാൎക്കെല്ലാം ഉദ്ദേശ്യംവെച്ചുകൊണ്ട് കൃതികൾ ചമയ്ക്കേണ്ടിവന്നിരിക്കുന്നു. ഉദ്ദേശ്യത്തിന്നപ്പുറം വല്ലതുമൊന്നു ചാടുന്നതായാൽ, അതു അവിടെ ഒറ്റപ്പെട്ടു കിടക്കുകയാകും.

സാഹിത്യകാരന്മാർ ഉദ്ദേശ്യത്തോടെ പുസ്തകങ്ങളെഴുതുന്നവരായപ്പോൾ, സാക്ഷാൽ സാഹിതിക്ക് അവർ പോരാത്തവരായി. സാഹിതിയിൽ ഏകാഗ്രമായി രമിക്കുകയാണെങ്കിൽ അതിൽ ഉദ്ദേശ്യമൊന്നും തോന്നുന്നതല്ല. തന്നെത്താൻ മറന്നുകൊണ്ടുള്ള അവസ്ഥയിൽ വല്ല ഉദ്ദേശ്യത്തിന്നും ഇടമുണ്ടോ. വല്ലതും ഉദ്ദേശിച്ചുകൊണ്ടു സാഹിതീസദനത്തിലേക്കു കടക്കുന്നതായാൽ, അവന്നു പിച്ചക്കാരന്റെ നിലയ്ക്കു മുറ്റത്തു നില്ക്കേണ്ടിവരും.

പിച്ചക്കാർ ഏറിയേറിവരുന്ന കാലമാണല്ലോ ഇതു്. സാഹിത്യത്തിലും പിച്ചക്കാർ വൎദ്ധിച്ചിരിക്കുന്നു. പിടിയരിയോടുകൂടി വെളിയിലേക്കു വരുന്ന ആ ഗൃഹനായികയേ പിച്ചക്കാരൻ കാണുന്നേടത്തോളം മാത്രമേ, ഉദ്ദേശ്യത്തോടെ പുസ്തകങ്ങളെഴുതുന്നവർ സാഹിതിയേ അടുക്കുന്നുള്ളു. ഏകാഗ്രമായി സാഹിതിയേ ഭജിച്ച്, ആ ആനന്ദമൂൎത്തിയിൽ ലയിക്കുകയാണെങ്കിൽ അവരിൽനിന്ന് ഉദ്ദേശ്യങ്ങളെല്ലാം കൊഴിഞ്ഞുപോകും. അതുകൊണ്ട്, അത്രയ്ക്കങ്ങോട്ടു കടക്കാതെ, അവർ സാഹിത്യത്തിന്റെ വക്കോളം മാത്രമേ ചെല്ലുന്നുള്ളു. അവിടെയുള്ള കക്കകളെക്കൊണ്ടാണ് ഓരോ ഉദ്ദേശ്യത്തോടെ അവർ സൃഷ്ടികൎമ്മം നടത്തുന്നതു്.

ഉദ്ദേശ്യപൂൎവ്വകമായുണ്ടായ ഇത്തരം സാഹിത്യച്ചരക്കുകൾ നമ്മുടെ ഭാഷയിലും സുലഭമായി വളരുന്നുണ്ട്. ഉദ്ദേശ്യങ്ങൾ വിവിധങ്ങളാണ്. അവയാവട്ടേ, നാൾ ചെല്ലുംതോറും മാറിമാറിക്കൊണ്ടിരിക്കയും ചെയ്യും. അപ്പോഴപ്പോഴത്തെ മാററംപോലെ ഓരോവക ഉദ്ദേശ്യത്തെ നിറവേററുന്നതായ പണിത്തരങ്ങൾ ഇവിടെ ഊക്കോടെ നടക്കുന്നുണ്ടിപ്പോൾ.

സ്വാൎത്ഥമാണ് എല്ലാ ഉദ്ദേശ്യങ്ങൾക്കും ഏകാവലംബം. സ്വാൎത്ഥം നശിച്ചാൽ ഉദ്ദേശ്യങ്ങളൊക്കെയും അററുപോകും. സ്വാൎത്ഥത്തിൽ ഉറച്ചുനിന്നുകൊണ്ടല്ലാതെ ഉദ്ദേശ്യങ്ങളൊന്നും നില്ക്കുന്നതല്ല. വല്ല കൎമ്മത്തിലും ഒരുവൻ ഉദ്ദേശ്യത്തെ കുറിക്കുന്നതായാൽ, അവിടെ നിശ്ചയമായും സ്വാൎത്ഥമുണ്ട്. അതിനാൽ, സ്വാൎത്ഥത്തിന്ന് അനുരൂപമാവണം

2

ഉദ്ദേശ്യം. സ്വാൎത്ഥലാഭത്തിന്നു ചേരുന്നതായി ഉദ്ദേശ്യത്തെ പുരസ്കരിച്ചു കൊണ്ടായിരിക്കണം, ഉദരനിൎവ്വഹണം സാധിക്കേണമെങ്കിൽ, ഇപ്പോൾ സാഹിത്യകാരന്മാർ വൎത്തിക്കേണ്ടതു്.

ജനങ്ങളെ മേല്ക്കുമേൽ പരിഷ്ക്കരിച്ചുയൎത്തുകയാണത്രേ സാഹിത്യത്തിന്റെ പരമോദ്ദേശ്യം. സാഹിത്യമാവട്ടെ, പാത്രാപാത്രഭേദംകൂടാതെ സൎവ്വത്ര നിറയേണ്ടതാണ്. ബാലവൃദ്ധഭേദംപോലും അതിന്നില്ല. അങ്ങിനെ, ബാലൻപോലും പെരുമാറിക്കൊണ്ടിരിക്കുന്ന ആസാഹിത്യത്തെക്കൊണ്ടോ ജനസമുദായത്തെ നയിപ്പിക്കേണ്ടതു് എന്നൊരു ചോദ്യമുള്ളതു് ഇപ്പോഴങ്ങു നില്ക്കട്ടെ. ജനങ്ങളെ പരിഷ്കൃതിയിലേക്കു് ഉളക്കുന്നതിന്നു് ഇവിടെ ഇപ്പോൾ വെട്ടിനീട്ടിയിരിക്കുന്ന മഹാപഥങ്ങൾ കുറെയൊന്നുമല്ല. ഇവയിൽ ഏതുവഴിക്കാണു് തിരിയേണ്ടതെന്നു് ഇവിടത്തെ സാഹിത്യകാരന്മാർ ഉഴലുകയെന്നായിരിക്കുന്നു.

ഏതുവഴിക്കു തിരിഞ്ഞാലും—സാഹിത്യത്തിന്നു ആ പരമോദ്ദേശ്യം സിദ്ധമായില്ലെങ്കിലും, സ്വാൎത്ഥത്തിന്നു് നിറവേറിയേകഴിയൂ: സ്വാൎത്ഥത്തെ ത്യജിച്ചുകൊണ്ടു സേവനമൊന്നുമില്ല. സേവിക്കുന്നതൊക്കെയും സ്വാൎത്ഥത്തിന്നുതന്നെ. പരമാൎത്ഥമായി മഹാജനസേവനം ആചരിക്കുന്നവർ ലോകത്തിൽ ഇല്ലെന്നല്ലാ ഞാൻ പറയുന്നതു്. ആ ധൎമ്മാത്മാക്കൾ എവിടെ? ഈ നന്മകളെല്ലാം എവിടെ? തനിക്കുള്ളതൊക്കെയും കൈവിട്ടു്, യാതൊരപേക്ഷയും കൂടാതെ, എല്ലാ സുഖഭോഗങ്ങളിൽനിന്നും മനസ്സിനെ പിൻവലിച്ചു്, കൎമ്മത്തിന്നുവേണ്ടിമാത്രം കൎമ്മംചെയ്തുകൊണ്ടിരിക്കുന്ന ആ മഹാത്മാവിൽ മാത്രം സ്വാൎത്ഥത്തിന്നു് ഇടമില്ല. ആ മഹാപുരുഷൻ മാത്രമേ സാഹിത്യത്തിൽ പ്രവൎത്തിക്കാവൂ എന്നു വിധിയില്ലല്ലോ. സാഹിത്യം എല്ലാവൎക്കുമുള്ളതും, എല്ലാവരും ഉപയോഗിക്കുന്നതുമാകയാൽ ആ സാഹിത്യത്തിൽ സ്വാൎത്ഥലോഭം ഭൂയിഷ്ഠമായുണ്ടു്. ജനസേവനത്തിൽനിന്നു തനിക്കു അധികലാഭം കിട്ടാവുന്നതായ മാൎഗ്ഗമെന്താണെന്നു് കണ്ടുപിടിക്കുന്നതിലേക്കു് സാഹിത്യകാരനെ സ്വാൎത്ഥം പ്രേരിപ്പിക്കുന്നു. അതാണു് വാസ്തവം. അതുകൊണ്ടു, ജനസേവനമല്ലാ, സ്വാൎത്ഥമാണു ഉദ്ദേശ്യപൂൎവ്വകമായ സാഹിത്യസൃഷ്ടികളിൽ ഉയിരായെഴുന്നതു.

ഉദ്ദേശ്യത്തെ അഭിമുഖീകരിച്ചും, ജനസേവനത്തെ ആത്മകമാക്കിയുമാവണം സാഹിത്യപ്രവൎത്തനമെന്നു ഇപ്പോഴത്തെ ഉൽപതിഷ്ണുക്കൾ വിധിക്കുന്നതുകൊണ്ടു് അതിന്നനുസരിച്ച സ്വാൎത്ഥലോഭം സാഹിത്യത്തെ ചാമച്ചുവരുന്നു. സാഹിത്യത്തിൽ സ്വാൎത്ഥത്തിന്നു അല്പമെ

ങ്കിലും ലാഭമുണ്ടാകേണമെങ്കിൽ അതിന്നിപ്പോൾ ഒരേ വഴിയേയുള്ളു. സാഹിത്യത്തെ പ്രയോഗിക്കുന്നതിന്നു പലേ വഴികളും ഇന്നത്തെ വിമർശകന്മാർ തുറന്നു കാണിക്കുന്നുണ്ടെങ്കിലും അവയൊന്നും ലാഭമുള്ള വയല്ല. അതുകൊണ്ടു ആ വഴികളിലേക്കു തിരിയരുതെന്നു സ്വാൎത്ഥം നിരോധിക്കുന്നു. ലാഭമുള്ളതായ ആ ഒരേ വഴി പാഠ്യപുസ്തകനിൎമ്മിതിയാണ്. ആ വഴി ആ വക പുസ്തകങ്ങളേക്കൊണ്ടു എത്രയെന്നില്ലാതെ നിറയുന്നുണ്ട്. അതിൽ ഉദ്ദേശ്യവും ജനസേവനവും ഇത്തിരിയൊക്കെ കാണിക്കുവാനുമുണ്ട്.

പാഠശാലകളിൽക്കൂടിയായാൽ ഇപ്പോഴത്തെ നിലക്കു ആ പരമോദ്ദേശ്യം സിദ്ധമാകുന്നതല്ലാ എന്നു ഉൽപതിഷ്ണുക്കൾ കയൎത്തു തുടങ്ങിയിരിക്കുന്നു. പാഠശാലകളിൽനിന്നു ഇറങ്ങിപ്പോകയാണെങ്കിൽ ഇപ്പോഴത്തെ ഈ സാഹിത്യകാരന്മാർക്കു ഗതിയെന്ത്? വിശേഷിച്ച്, കേരളസാഹിത്യം ഏററവും കൃശമായിത്തീൎന്നു ഭാഷാഭിമാനികളെ പീഡിപ്പിക്കുമല്ലോ! അതുകൊണ്ടു, പാഠശാലകളിലെല്ലാം ഊട്ടുപുരയിലെന്നപോലെ കലമ്പിക്കൊണ്ടിരിക്കുന്ന സാഹിത്യവിദ്വാന്മാർ തള്ളലുണ്ടായാലല്ലാതെ അവിടെനിന്നു തെററുന്നതല്ലാ.

പുതിയ ചില ഉദ്ദേശ്യങ്ങളെ പാശ്ചാത്യരാജ്യങ്ങളിൽനിന്നു പകൎത്തേണ്ടുകേണമെന്നു ഉൽപതിഷ്ണുക്കളിൽ ചിലർ സാഹിത്യകാരന്മാരോട് ഏന്തുന്നു അവരുടെ പ്രീതിക്കു വേണ്ടി അല്പം ചിലതു പകൎത്തുപ്പിൽ ഇവിടെ ആകാറുണ്ട്. എന്നാൽ, അതിനൊന്നിന്നും വേണ്ടുന്നത്ര ചെലവില്ല. അതു കാണുമ്പോൾ സ്വാൎത്ഥം പിണങ്ങുന്നു. സാഹിത്യകാരൻ എന്തുചെയ്യും! അന്യന്റെ അകത്തേക്കു പതുങ്ങിക്കടന്നിട്ടാണ് സാഹിത്യകാരൻ അന്നം തേടുന്നത്. ജനങ്ങൾക്കു അപരിചിതമായ പുത്തൻവേഷങ്ങൾക്കു അകത്തെങ്ങും ഇടം കിട്ടുകയില്ല. അവക്കു സുപരിചിതമായ വേഷത്തിൽക്കൂടി അകത്തേക്കു ചെല്ലാമെങ്കിലോ, ഉൽപതിഷ്ണുക്കൾ വെറും പഴഞ്ചനെന്നു അപഹസിക്കും. ഇപ്പോഴത്തെ ജനനേതൃത്വം വൈദേശികത്വത്തിന്നാണല്ലോ. വൈദേശികമായ വല്ല ഉദ്ദേശ്യത്തെക്കൊണ്ടും പൊതിയുകയെങ്കിലും ചെയ്യാട്ടില്ലാത്ത നവ്യസാഹിത്യസൃഷ്ടികൾക്കു വിലയോ നിലയോ ഇല്ല. വൈദേശികത്വമാവട്ടെ, ബഹുജനങ്ങൾക്കു അപരിചിതമാണ്. അതു ഉൽപതിഷ്ണുക്കൾക്കു പരിചിതമാണെങ്കിലും, അവക്ക് അതിന്റെ അസ്സലല്ലാതെ ഈ പകൎപ്പുകളൊന്നും വേണ്ട. ആകപ്പാടെ സാഹിത്യകാരന്മാൎക്കു കഠിനമായ വിഷമമായി.

അഥവാ, ഈ ഉദ്ദേശ്യത്തിന്നോ, ഈ സ്വാൎത്ഥത്തിന്നോ വശഗനാവാതെ സാഹിതിയിൽ അനന്യമനസ്സോടെ രമിക്കാമെന്നാലോ? അതിന്നു കഴിയുന്നവർ ലോകത്തിൽ എത്ര ദുൎല്ലഭം! ആ അവസ്ഥയിലേക്കു യഥാഹം ചെല്ലുന്നതിന്നു ഇവിടെയിപ്പോൾ കോപ്പുകളെല്ലാം അരുതാണല്ലോ.

സാഹിത്യത്തിൽ പ്രവൎത്തിക്കുന്നവൎക്കു വിശപ്പടക്കുവാൻ വേണ്ടുന്നതിന്നുപോലും അവനവൻതന്നെ പാടുപെടേണമെന്നിരിക്കുമ്പോൾ, സ്വാൎത്ഥത്തിലും ഉദ്ദേശ്യത്തിലും അവന്നു അടിപെടുകയേ ഗതിയുള്ളു. അതുതന്നെയാണു സാഹിത്യത്തിൽ ഇപ്പോഴുണ്ടായിരിക്കുന്ന ഈ വിളികളെല്ലാം.

വല്ലതുമൊന്നു കാണിച്ചു, ജനങ്ങളെ സംഭ്രമിപ്പിച്ചു, കൂട്ടത്തോടെ ഇളക്കിയാൽ അവരിൽനിന്നു തൻകാൎയ്യം വല്ലതും നേടാമെന്നു ചിലർ കണ്ടുപിടിച്ചിട്ടുണ്ടു. ഇവരുടെ ഈ കൎമ്മം സഫലമാകുന്നതിന്നു സാഹിത്യം വേണം. അതുകൊണ്ടിവർ സാഹിത്യകാരന്മാരെ അടുക്കുന്നു. ഇവർ കൊട്ടുന്നതുപോലെ സാഹിത്യകാരന്മാർ തുള്ളണം. ഇവരാണു സാഹിത്യത്തിന്മീതെ ഉദ്ദേശ്യത്തെ ഏററിവെക്കുന്നവർ. പേർപോക്കുന്നതു് ഇവരാകയാൽ സാഹിത്യകാരന്മാൎക്കു് ഇവരെ പ്രസാദിപ്പിക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ ഈ പ്രക്ഷോഭണകന്മാരും മഹാജനതയുടെ മുമ്പിൽ ഒരുവക പിച്ചക്കാരാണു്. വല്ലതും ജനങ്ങളിൽനിന്നു് അവൎക്കു കിട്ടണം. അതിലേക്കു അന്തസ്സിൽ അണിഞ്ഞുകൊണ്ടു് അവര പുറപ്പെട്ടിരിക്കുന്നു. അവരുടെ പിന്നാലെ പെട്ടിചുമക്കുവാനും, തിരശ്ശീല പിടിക്കുവാനുമായി ഈ സാഹിത്യകാരന്മാർ ചെല്ലുന്നു. ഈ ജോലി സാഹിത്യകാരന്മാൎക്കു് എടുക്കാവതല്ലെങ്കിൽ, പാഠ്യപുസ്തകക്കമ്മിററിയെന്നപേരിൽ സൎക്കാരിൽനിന്നു് ഏൎപ്പെടുത്തീട്ടുള്ള ആ ഊട്ടുപുരയിലേക്കു കേറിനോക്കുകതന്നെ വേണം. ഇതാണിപ്പോഴത്തെ അവസ്ഥ. ഇതുകൊണ്ടുതന്നെയാണു സാഹിത്യത്തിൽ ഉദ്ദേശ്യത്തിന്നിത്ര തകൎപ്പു്. സാഹിത്യകാരന്മാർ പരവശരായിരിക്കുന്ന കാലത്തോളം പരോദ്ദേശ്യത്തെ അവൎക്കു അനുസരിക്കണം. കളിക്കുവേണ്ടി മാത്രം കളിക്കുക എന്നുള്ളതായ ആ കലാരഹസ്യം സാഹിത്യത്തിലുമുണ്ടായാലേ അതിന്നു നൈസൎഗ്ഗികമായുള്ള ആ ദിവ്യസൌന്ദൎയ്യം അനുഭൂതമാകയുള്ളുവെങ്കിൽ, സാഹിത്യകാരന്മാരെ ഈ ഉദ്ദേശബാധകളിൽനിന്നു വിമുക്തരാക്കി ആത്മവശത്വത്തോടേ മരുവുന്നതിന്നു ജനാധിപന്മാർ ആളാകണം.

# സ്വാമി ശ്രദ്ധാനന്ദൻ.

എൻ. ആർ.

ഇക്കഴിഞ്ഞ ഡിസമ്പർ 23-ാംനു- ഒരു മഹാപുരുഷന്റെ പത്താം ശ്രാദ്ധദിനത്തെ ഉത്തരേന്ത്യ മുഴുവൻ ആഘോഷിക്കുകയുണ്ടായി.

ഇന്നു അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശവിളംബരത്തിൽ ഏററവും അധികം ആനന്ദിക്കുന്ന മനുഷ്യൻ അദ്ദേഹമായേനെ. എന്തുകൊണ്ടെന്നാൽ, അയിത്തത്തെ വേരോടെ പറിച്ചു കളയുവാനായി നോയ്മ്പുനോററ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേതു്.

"അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററിയിലെ എല്ലാ അംഗങ്ങളും അധഃകൃതവർഗ്ഗത്തിൽപെട്ട ഓരോ ഭൃത്യനെയെങ്കിലും നിയമിച്ചില്ലെങ്കിൽ," അദ്ദേഹം ഒരിക്കൽ മഹാത്മാഗാന്ധിയോടു പറഞ്ഞു. "അധഃകൃതോദ്ധാരണാർത്ഥമുള്ള കോൺഗ്രസ്സ് പ്രവർത്തനം പരിപൂർണ്ണമാവുന്നില്ല." മോട്ടിലാൽ നെഹറു തുടങ്ങി പല ദേശീയനേതാക്കന്മാരും അന്നുതന്നെ അദ്ദേഹത്തിന്റെ ഉപദേശത്തെ സ്വീകരിക്കുകയുണ്ടായി.

അങ്ങിനെ, ഒരു തലമുറക്കാലം സുധീരവും ത്യാഗപൂർണ്ണവുമായ ജീവിതം നയിച്ച ഒരു മഹാപുരുഷനാണു സ്വാമി ശ്രദ്ധാനന്ദൻ. പരിഷ്കാരത്തിനും സത്യത്തിനും വേണ്ടി അനവരതം അചഞ്ചലം പടവെട്ടിയ ഒരു വീരയോദ്ധാവാണു അദ്ദേഹം. അർദ്ധമാത്രപൂർണ്ണമായ വിജയത്തെ അദ്ദേഹം ഒരിക്കലും ആവശ്യപ്പെട്ടിരുന്നില്ല. അതിനുള്ള കഴിവു അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ, എല്ലാ ക്ഷേത്രങ്ങളും അന്നുതന്നെ അദ്ദേഹം ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുമായിരുന്നു. അതിന്റെ അനന്തരഫലങ്ങളെ അദ്ദേഹം ആണത്വത്തോടുകൂടി അഭിമുഖീകരിക്കുകയും ചെയ്യുമായിരുന്നു.

* * * * *

ഭാരതവർഷത്തിന്റെ ഭൂതകാലത്തെക്കുറിച്ചു അഭിമാനിച്ചിരുന്ന ഒരു പുരുഷനായിരുന്നു സ്വാമിജി. സംസ്കൃതത്തിലും ഹിന്ദിയിലും അദ്ദേഹത്തിനു അല്പേതരമായ വ്യുല്പത്തിയുണ്ടായിരുന്നു. ഒരു വിദ്യാഭ്യാസപരിഷ്കർത്താവായി അദ്ദേഹം ജീവിതമാരംഭിച്ചു. മഹാത്മാമുൻഷിറാം എന്നാണു അദ്ദേഹമെന്നു അറിയപ്പെട്ടിരുന്നതു്. കാംഗ്ഡി ഗുരുകുലത്തിന്റെ സ്ഥാപകനും വളരെക്കാലത്തെ ഗവർണ്ണരുമായിരുന്ന അദ്ദേഹം ഭാരതീ

യപുനരുത്ഥാനത്തിനുള്ള അദ്ദേഹത്തിൻെറ പരിശ്രമം അന്നേ തുടങ്ങിക്കഴിഞ്ഞു.

അന്നു ഒരു വക്കീലായിരുന്ന മിസ്റ്റർ മുൻഷീറാം ഹിമാലയസാനുക്കളിൽ ഒരു വിദ്യാപീഠം സ്ഥാപിക്കുന്നുവെന്നു പറഞ്ഞപ്പോൾ ജനങ്ങൾ ചിരിക്കുകയാണു ഉണ്ടായതു്. എന്നാൽ ധീരഹൃദയം പരിഹാസത്തിൻെറ മുമ്പിൽ ചകിതമാവുന്നില്ല. ഹരിദ്വാരത്തിനു സമീപം അദ്ദേഹം സുന്ദരമായൊരു സ്ഥലം തിരഞ്ഞെടുത്തു. പാശ്ചാത്യസമ്പ്രദായങ്ങളെ അനുകരിക്കുന്നതിൽ ഖ്യാതിനേടിയിരുന്ന പല സമുദായപരിഷ്കാരികളും നേതാക്കന്മാരും അന്നു ഇന്ത്യയിലുണ്ടായിരുന്നു. പക്ഷെ, മുൻഷീറാം അത്തരം ഒരു പരിഷ്കർത്താവായിരുന്നില്ല. ഇന്ത്യയുടെ ഭാവിക്കുവേണ്ട വെളിച്ചവും ചൂടും ഇന്ത്യയുടെ ഭൂതകാലത്തിലാണു, ഇംഗ്ലണ്ടിൻെറതിലല്ലെന്നു, അദ്ദേഹം സുദൃഢമായി വിശ്വസിച്ചു. തൻെറ വിദ്യാർത്ഥികളെ അദ്ദേഹം ഹിന്ദിയിലാണു, ഇംഗ്ലീഷിലല്ല, പഠിപ്പിച്ചതു്. വൈദികതത്വങ്ങളെ അവർ നല്ലവണ്ണം പഠിക്കുന്നു. വിദ്യാർത്ഥിജീവിതക്കാലത്തു അവികലമായ ബ്രഹ്മചാരിവ്രതത്തെ അവർ അനുഷ്ഠിക്കണമെന്നു അദ്ദേഹത്തിനു കഠിനമായ നിർബ്ബന്ധമുണ്ടായിരുന്നു. ഏററവും എളിയനിലയിൽ തുടങ്ങിയ ആ വിദ്യാപീഠം, സുദൃഢമായ ഒരു അടിത്തറയിന്മേൽ ഉയർന്നുനിന്നു, എല്ലാവരുടേയും ശ്രേഷ്ഠമായ അഭിനന്ദനത്തെ സ്വീകരിച്ചുതുടങ്ങിയതിൽപ്പിന്നയേ, അദ്ദേഹം ശ്രദ്ധാനന്ദനെന്ന പേരുസ്വീകരിച്ചു സന്ന്യാസിയാവാൻ പോയുള്ളു. അദ്ദേഹം നട്ട ഗുരുകുലം ഇന്നു മൂന്നു ഒന്നാംതരം കാളേജുകളായി വികസിച്ചിട്ടുണ്ടു. അവയിലെ വിദ്യാർത്ഥികൾ ഇന്ത്യയിലെ ഇതരസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളേക്കാൾ എത്രയോ ഉപരി സ്ഥിതിചെയ്യുന്നു. കായികവിനോദങ്ങളിലാവട്ടെ, വാദപ്രതിവാദങ്ങളിലാവട്ടെ, സമുദായസേവനത്തിലാവട്ടെ—ഇന്ത്യൻ വിദ്യാർത്ഥികളിൽ ഇന്നും അവർ അദ്വിതീയരാണു്.

തെക്കേ ആഫ്രിക്കയിൽ സത്യാഗ്രഹം തുടങ്ങിയപ്പോൾ അതിൻെറ പരിപൂർണ്ണമായ അർത്ഥത്തേയും ഗൌരവത്തേയും മനസ്സിലാക്കിയ അപൂർവ്വം ചില ഇന്ത്യൻ നേതാക്കന്മാരിൽ ഒരാളായിരുന്നു സ്വാമി ശ്രദ്ധാനന്ദൻ. തൻെറ വിദ്യാർത്ഥികൾ അവരെക്കൊണ്ടാവുന്ന സഹായം തെക്കേ ആഫ്രിക്കയിലെ അവരുടെ അവശസഹോദരങ്ങൾക്കു ചെയ്തുകൊടുക്കണമെന്നു അദ്ദേഹം ഉപദേശിച്ചു. കൂലിവേലയെടുത്തു കിട്ടുന്ന പണം അയച്ചുകൊടുക്കണമെന്നാണു അദ്ദേഹം അവരോടു പറഞ്ഞതു്.

എന്തുകൊണ്ടെന്നാൽ, അവിടെ നടന്നിരുന്നതു കൂലിക്കാരുടെ യുദ്ധമായിരുന്നല്ലോ! ഗുരുനാഥനു യോജിച്ച വിദ്യാൎത്ഥികൾതന്നെയായിരുന്നു അവർ. അവർ കൂലിവേലയെടുത്തും മഹാത്മജിക്കും കൂട്ടൎക്കും പണമയച്ചുകൊടുത്തു. അന്നു ഗാന്ധിജിക്കയച്ച ഒരു കത്തിൽ "എൻെറ പ്രിയസഹോദരാ" എന്നാണു അദ്ദേഹം ഗാന്ധിജിയെ സംബോധന ചെയ്തതു്. എന്നാൽ അന്നു അവർ പരസ്പരം കണ്ടിട്ടുതന്നെ ഉണ്ടായിരുന്നില്ല! പാവപ്പെട്ടവൎക്കു്, മർദ്ദിതൎക്കു്, വേണ്ടി ആർ പാടുപെടുന്നുവോ, അയാൾ, അപരിചിതനെങ്കിലും, ശ്രദ്ധാനന്ദൻെറ പ്രാണസ്നേഹിതനായിരുന്നു.

സ്വാമി ശ്രദ്ധാനന്ദൻെറ പ്രവൃത്തിരംഗം രാജ്യതന്ത്രമല്ലായിരുന്നു. പക്ഷെ, സ്വരാജ്യലബ്ധിക്കു അദ്ദേഹം അക്ഷമനായിരുന്നു. റൌലത്തു് ആക്ടിനെ പ്രതിഷേധിക്കുവാൻ ഇറങ്ങിയവരിൽ അദ്ദേഹം മുന്നണിയിലാണു നിന്നിരുന്നതു്.

എന്നാൽ അമൃതസാറിലേയും വിരംകത്തിലേയും ദുരന്തസംഭവങ്ങളെത്തുടൎന്നു സത്യഗ്രഹം നിൎത്തിവെച്ചതു അദ്ദേഹത്തിനു തെല്ലും രസിക്കുകയുണ്ടായില്ല. ആ നയത്തോടുള്ള തൻെറ കഠിനമായ പ്രതിഷേധത്തെ ഒന്നിലധികം കുറി അനിഷേദ്ധ്യമായ ഭാഷയിൽ അദ്ദേഹം ഗാന്ധിജിയെ അറിയിക്കുകയുണ്ടായി. അതുപോലെത്തന്നെ ബർഡോളിയിലെ തീരുമാനവും അദ്ദേഹത്തിൻെറ ഹൃദയത്തെ തകൎത്തു. എന്നാൽ ഇതുകൊണ്ടൊന്നും ഗാന്ധിജിയുമായുള്ള അദ്ദേഹത്തിൻെറ ബന്ധത്തിനു യാതൊരുതരം വല്ലോപവും വന്നില്ല.

അഭേദ്യമായ ആ മൈത്രീബന്ധത്തിൻെറ ഉത്ഭവം അസാധാരണമായ ഒരു രീതിയിലായിരുന്നു. മിസ്റ്റർ സി. എഫ്. ആൻഡ്രൂസ് ആണു രണ്ടു മഹാത്മാക്കളേയും കൂട്ടിയിണക്കിയ ആ കണ്ണി. തെക്കേ ആഫ്രിക്കയിൽവെച്ചു അദ്ദേഹം ഗാന്ധിജിയോടു പറഞ്ഞു: "അങ്ങു സ്വദേശത്തേക്കു മടങ്ങിപ്പോകുമ്പോൾ എൻെറ ത്രിമൂൎത്തികളുമായി പരിചയപ്പെടണം—മഹാകവി, പ്രിൻസിപ്പാൾ രുദ്ര, മഹാത്മാമുൻഷിറാം."

1915-ലാണു അവർ പരസ്പരം ദൎശിച്ചതു്. പിന്നെ ഓരോ ദൎശനവും അവരെ കൂടുതൽ ബന്ധിക്കുകയാണു ചെയ്തതു്. ആൎയ്യസമാജത്തിൻെറ ക്രമം വിട്ട ഉത്സാഹത്തെ ഗാന്ധിജി പലപ്പോഴും അപലപിച്ചിരുന്നതു ശ്രദ്ധാനന്ദൻെറ ഹൃദയത്തെ നോവിച്ചിരുന്നു. ദയാനന്ദനേയോ അദ്ദേഹത്തിൻെറ പ്രസ്ഥാനത്തേയോ കഠിനേതരമായി വിമൎശി

ക്കുന്നതുതന്നെ അസഹനീയമെന്നു തോന്നുമാറു, ദയാനന്ദനെപ്പററി ശ്രദ്ധാനന്ദനു അത്ര വലിയ ബഹുമാനമായിരുന്നു. എന്നാൽ അതു കൊണ്ടും, ഗാന്ധിയും ശ്രദ്ധാനന്ദനും തമ്മിലുള്ള ബന്ധത്തിനു ഒട്ടും അയവു പററിയില്ല.

സ്വാമിശ്രദ്ധാനന്ദൻെറ ശുദ്ധിപ്രസ്ഥാനത്തെ അസഹിഷ്ണുക്കളായ പല മുസ്ളീം പത്രങ്ങളും അതികഠിനമായി വിമൎശിച്ചിരുന്നുവെങ്കിലും, സ്വാമിജി അവരെ വെറുത്തിരുന്നില്ല. അവരിൽ പലരേയും അദ്ദേഹം അവിശ്വസിച്ചിരുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ ഒരു സമുദായത്തോടും അദ്ദേഹത്തിനു വിദ്വേഷമുണ്ടായിരുന്നില്ല. വമ്പിച്ച ഹിന്ദുസമുദായം ചൊടിയും ചുണയും കെട്ട ഒരു ഭീരുവൎഗ്ഗമായി ചമഞ്ഞിരിക്കുന്നുവെന്നു കണ്ടപ്പോഠം, തങ്ങളുടെ ആത്മാഭിമാനാത്ഥം അവർ ഉണൎന്നെഴുന്നേൽക്കണമെന്ന് അദ്ദേഹം അവരെ ഉൽബോധിപ്പിച്ചു. "എന്നെപ്പററി അനവധി തെററിദ്ധാരണകളുണ്ട്," അദ്ദേഹം ഒരിക്കൽ ഗാന്ധിജിയോടു പറഞ്ഞു: "ആ പല ആക്ഷേപങ്ങളേയും സംബന്ധിച്ച വാസ്തവത്തിൽ ഞാൻ തീരെ നിരപരാധിയാണ്."

ഹിന്ദുമുസ്ളീം മൈത്രിക്കും ഐക്യത്തിനും വേണ്ടി വളരെ ആഗ്രഹിക്കുകയും അശ്രാന്തം പരിശ്രമിക്കുകയും ചെയ്യു ഒരാളാണു സ്വാമി ശ്രദ്ധാനന്ദൻ. എന്നാൽ, അത്ര ഉൽകൃഷ്ടാദൎശങ്ങളെ മനസ്സിലാക്കുവാൻ കൂടി മതഭ്രാന്തന്മാൎക്കു സാധിക്കുകയില്ല!

സ്വാമിജി ദില്ലിയിൽ അത്യന്തം സുഖക്കേടായി കിടക്കുകയായിരുന്നു. ഏതൊരാഠക്കും യാതൊരു കാരണവശാലും അഭിമുഖസംഭാഷണം അനുവദിക്കരുതെന്നു പ്രത്യേകം താക്കീതു ചെയ്തിട്ടാണു ഡാക്ടർ ആൻസാരി അന്നു അവിടെനിന്നും പോയതു്. അദ്ദേഹത്തിൻെറ വിശ്വസ്തഭൃത്യനായ ധൎമ്മസിംഗ് ആ കല്പനയെ അക്ഷരം പ്രതി അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

അപ്പോഴേക്കാണു ഒരു അബ്ദുഠം റാഷിഡ് സ്വാമിജിയെ ഒന്നു നേരിട്ടുകാണണമെന്നു പറഞ്ഞുവന്നതു്. ധൎമ്മസിംഗ് അയാളെ കടത്തിവിട്ടില്ല. ഇസ്ളാമിനെപ്പററി സ്വാമിജിയുമായി വാദപ്രതിവാദം ചെയ്യുവാൻ തനിക്കു അദ്ദേഹത്തെ കണ്ടേ മതിയാവു എന്നു അബ്ദുഠം റാഷിഡ ശാഠ്യം പിടിച്ചു. ധൎമ്മസിംഗ് പിന്നെയും അനുവദിച്ചില്ല. ഇരുകൂട്ടരും തമ്മിലുള്ള വാഗ്വാദത്തെ സ്വാമിജി അകത്തുനിന്നും കേട്ടു. അയാളെ കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം ധൎമ്മസിംഗിനോടു ആജ്ഞാപിച്ചു.

എന്നാൽ തീവ്രമായ ഒരു വാദപ്രതിവാദത്തിന് ഒട്ടും അനുകൂലമല്ലായിരുന്നു ശ്രദ്ധാനന്ദന്റെ ആരോഗ്യസ്ഥിതി. അതുകൊണ്ട് ഇനിയൊരവസരത്തിൽ വരുവാനായി അദ്ദേഹം അബ്ദുൾ റാഷിദിനോടു അപേക്ഷിച്ചു. പക്ഷെ, അയാൾ പോവുകയുണ്ടായില്ല. തനിക്ക് അതിയായി ദാഹിക്കുന്നുവെന്നും അല്പം വെള്ളം കുടിക്കാൻ കിട്ടിയാൽ കൊള്ളാമെന്നും അയാൾ അഭ്യർത്ഥിച്ചു. വെള്ളം കൊണ്ടുവരുവാൻ സ്വാമിജി ധർമ്മസിംഗിനെ അയച്ചു. ആ അവസരം നോക്കി, ആ ഭീരു ആ മഹാത്മാവിനെ വെടിവെച്ചുകൊന്നു.

* * * * * * * *

"ഗ്രൂർക്കരുടെ വെടിയുണ്ടകൾക്കു മുമ്പിൽ മാറുവിരിച്ചു നിന്ന ആ വീരപുരുഷനു പററിയ മരണം — എന്തൊരു മരണമാണതു്:" ഈ ദുരന്തവാർത്ത കേട്ട ഉടനെ ജവഹർലാൽ ഇങ്ങിനെയാണു പറഞ്ഞതു്: "ഏതാണ്ട് എട്ടുകൊല്ലംമുമ്പ്, ദല്ലിയിലെ ജുമാമസ്ജിദിന്റെ അങ്കണത്തിൽ വെച്ച്, വമ്പിച്ച ഒരു ഹിന്ദുമുസ ളീം സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട്, ഐക്യത്തേയും, ഇന്ത്യയുടെ സ്വാതന്ത്ര്യത്തേയുംപ്പററി ഉൽബോധജനകമാംവണ്ണം അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. 'ഹിന്ദു-മുസൽമാൻ കിജെ' എന്ന വിജയാരവങ്ങളോടെയാണ് ആ മഹാസദസ്സ് അദ്ദേഹത്തിന്റെ പ്രസംഗത്തിനു സ്വാഗതമരുളിയതു്. ഇന്ന്, തന്റെ തന്നെ ഒരു നാട്ടുകാരന്റെ കയ്യുകൊണ്ട് അദ്ദേഹം കൊല്ലപ്പെട്ടു!

"കായിക ധൈര്യത്തെ, ഒരു സൽക്കാര്യത്തിനുവേണ്ടി മരിക്കുവാൻപോലും മടിയില്ലാത്ത ആ കായിക ധൈര്യത്തെപ്പററി എനിക്കു വലിയ ബഹുമാനമാണുള്ളതു്. നമ്മിൽ പലരും അതിനെ ബഹുമാനിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ആ ഒരു ഭയമില്ലായ്മ അത്ഭുതകരമായ് ഒരു രീതിയിലാണു സ്വാമിശ്രദ്ധാനന്ദനിൽ വിളങ്ങിക്കണ്ടിരുന്നതു്. വദ്ധക്യദശയിൽക്കൂടി ഒരു വളവുപററാതെ, കാവിവസ്ത്രാഛാദിതമായ ആ നീണ്ടുനിവന്ന ദേഹം, ഉജ്വലങ്ങളായ കണ്ണുകൾ, ഭീരുത്വത്തിന്റെ ദർശനമാത്രയിൽ മുഖത്തു നിഴലിച്ചുകാണാറുള്ള ആ ദ്വേഷ്യം — ആ മഹാപുരുഷന്റെ രൂപത്തെ ഇന്നും ഞാൻ എത്ര സുവ്യക്തമായി സ്മരിക്കുന്നു!"

# കവികളും സാഹിത്യവും.

—വിദ്വാൻ കെ. കുഞ്ഞുണ്ണി.

ഏതൊരു രാജ്യത്തിൻേറയും നാനാവിധമായ അഭിവൃദ്ധി ആ രാജ്യത്തിലെ ജനാവലിയെ ആശ്രയിച്ചിരിക്കുന്നപോലെ ഏതൊരു ഭാഷയുടെ അഭിവൃദ്ധിയും അതാതു ഭാഷകൾ സംസാരിക്കുന്നവരെ അടിസ്ഥാനപ്പെട്ടിരിക്കും. ജനങ്ങൾക്കും ഭാഷക്കും തമ്മിൽ അവിഭാജ്യമായ ഒരു സംബന്ധം ഉണ്ട്. സാഹിത്യം സംഭാഷണം എന്ന രണ്ടുൾപ്പിരിവുകൾ എതാണ്ടു ഉന്നതനിലയിൽ എത്തിയ സകല ഭാഷകൾക്കും ഉണ്ടാകാം. സംഭാഷണഭാഷ ജനതതിയുടെ തോതനുസരിച്ച് ക്രമാതീതമായ വളച്ചക്കു പാത്രീഭവിക്കുന്നതാണ്. സാഹിത്യഭാഷ അതിലെ ഗ്രന്ഥങ്ങളുടേയും തൽകർത്താക്കന്മാരുടേയും തുകയനുസരിച്ച് കാലക്രമേണ അഭിവൃദ്ധിപ്പെട്ടുവരുവാനെ തരമുള്ളൂ. എന്നു മാത്രമല്ല, പ്രധാനികളുടേയും ഭാഷാപണ്ഡിതന്മാരുടേയും നിരന്തരമായ പരിശ്രമം അതിലുണ്ടായിരിക്കുകയും വേണം. ഈ വിധമാണ് ഓരോ ഭാഷകളും അതാതു നാട്ടിൽ ഉൽക്കർഷത്തെ പ്രാപിക്കുന്നതു്.

ഭാഷാസാഹിത്യത്തിനെപ്പററി പരിശോധിക്കുന്നതായാൽ അതിൽ പല പ്രസ്ഥാനങ്ങളും അടിക്കടി ഉദിച്ചുയരുന്ന കാലമാണ് ഇതെന്ന് അറിയാവുന്നതാണ്. ആ വക സാഹിത്യപ്രസ്ഥാനങ്ങൾ ലോകോപകാരപ്രദമാകേണമെങ്കിൽ അവയിൽ പ്രകൃതിയുടെ യഥാർത്ഥതത്വം ചിത്രീകരിച്ചിരിക്കണം. ആനന്ദമയമായ ജീവിതത്തേയും വിവിധഭാവങ്ങൾ നിറഞ്ഞ പ്രപഞ്ചത്തേയും പൂർണ്ണരൂപത്തിൽ സൃഷ്ടിക്കുന്നവനാണ് കവി. കവിത കവിതയാകേണമെങ്കിൽ സുന്ദരവസ്തുക്കൾ നിറഞ്ഞ ലോകവും ആത്മവികാസഹേതുഭൂതമായ രസവും അതിൽ പ്രതിബിംബിച്ചിരിക്കണം. ടാഗോർ മുതലായ മഹാകവികളുടെ അഭിപ്രായവും ഇങ്ങനെതന്നെയാണെന്നു തോന്നുന്നു. ആനന്ദമയവും വാസനാപ്രചോദിതവുമായ മനസ്സിൽനിന്ന് അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന ഒന്നാണ് കല. പ്രപഞ്ചം ആനന്ദത്തിൽ നിന്നുൽഭവിക്കുകയും അതിൽ തന്നെ വിലയം പ്രാപിക്കുകയും ചെയ്യുന്നു എന്ന് പല ഐതിഹ്യങ്ങളും നമ്മുടെ ഇടയിൽ നടപ്പുണ്ടു. രസമെന്നതു് ആത്മാവിന്നുള്ള ഒരാനന്ദാനുഭൂതിയല്ലാതെ മററൊന്നുമല്ല. കവിതകളിൽ ആ രസാനുഭൂതി അഥവാ

ആനന്ദാനുഭവം ഉണ്ടാകേണമെങ്കിൽ അപൂർണ്ണമായ പ്രപഞ്ചരഹസ്യം പൂർണ്ണസ്ഥിതിയിൽ സൃഷ്ടിക്കേണ്ടിവരും.

"അപാരെ കാവ്യസംസാരെ
കവീരേവ പ്രജാപതി!"

എന്നാണ് മഹദ്വാക്യം. കവിസൃഷ്ടിക്കും ബ്രഹ്മസൃഷ്ടിക്കും പരസ്പരം വൈലക്ഷണ്യം അതാതിടത്തിൽ സ്പഷ്ടമായി കാണാവുന്നതാണ്. പ്രപഞ്ചസൃഷ്ടി അപൂർണ്ണവും കവിസൃഷ്ടി പൂർണ്ണവുമാകുന്നു. അപൂർണ്ണമായ പ്രപഞ്ചരഹസ്യത്തെ കണ്ടാനന്ദിക്കുന്ന കവിഹൃദയം ആനന്ദമയമായ ഒരു പൂർണ്ണലോകം സൃഷ്ടിക്കുന്നു എന്നുള്ളത് അവിതർക്കമായ ഒരു വാസ്തവമാണ്. അനുകരണവും ആനന്ദാനുഭൂതിയും അദ്ദേഹത്തെ അതിൽ സഹായിക്കുന്നുണ്ട്. ഇതാണ് സൃഷ്ടിവൈചിത്ര്യത്തിന്നുള്ള മുഖ്യകാരണം. സംസാരം സുഖദുഃഖസമ്മിശ്രവും കാവ്യം വെറം ആനന്ദമയവുമാകുന്നു. ഈവിധത്തിലുള്ള കാവ്യസംസാരം ജനതതിയുടെ ആപാദചൂഡമുള്ള അഭിവൃദ്ധിക്ക് കാരണമായേതീരൂ. എന്നാൽ കാലത്തിന്നു പ്രതിദിനം മാററം സംഭവിക്കുന്നസ്ഥിതിക്ക് "കാലത്തിന്നനുസരിക്കുന്ന കോലം." എന്നതോതനുസരിച്ച് സാഹിത്യലോകത്തിന് മാററം സംഭവിച്ചിരിക്കണമോ? എന്ന കാര്യത്തെപ്പററി തെല്ലൊന്നു പരിശോധിക്കാം.

ഇന്നത്തെ ജനങ്ങൾ സാമുദായികവും രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ ഗൌരവാവഹമായ ഗവേഷണങ്ങൾക്ക് കച്ചകെട്ടിയിരിക്കുന്നു. പരിഷ്കാരസംസ്കാരങ്ങളുടെ കേന്ദ്രീഭൂതമായ ലോകത്തെ മതവും സമുദായങ്ങളും നിശ്ചലമാക്കുംവിധം കെട്ടിയുറപ്പിക്കുന്നു. നാനാത്വത്തിൽക്കൂടി ഏകത്വത്തേയും ഏകത്വത്തിൽക്കൂടി നാനാത്വത്തേയും സൃഷ്ടിക്കുകയാണ് മതം ചെയ്യുന്നത്. ജനങ്ങളിൽ മാത്സര്യബുദ്ധി വളർത്തി അധികാരാവകാശങ്ങൾക്ക് ആനുകൂല്യം കാണിക്കുന്ന മതങ്ങളുടെ തുകയാണ ലോകത്തെ അടിമത്തത്തിന്നും തൊഴിലാളിത്തത്തിന്നും സ്ഥാനം ചമക്കുന്നതെന്ന തത്വം ഇതേവരെ അടിയുറച്ചിട്ടില്ല. തന്നിമിത്തം വ്യക്തിവിദ്വേഷവും സമുദായവിദ്വേഷവും അസംഘടനയും ദിനംപ്രതി വർദ്ധിക്കുന്നു. രാഷ്ട്രീയകാര്യങ്ങളിൽ പങ്കുകൊള്ളുവാനും അതുകളിൽ അധികാരാവകാശങ്ങൾ സ്ഥാപിക്കുവാനും ഇറങ്ങുന്ന മനുഷ്യരെ മതപ്പിശാച് പിന്നോക്കം തള്ളുന്നു. പരിഷ്കാരം, സംസ്കാരങ്ങൾ അവരിൽ സ്ഥിരബോധം വളർത്തുന്നുണ്ടെങ്കിലുംകൂടി സമുദായം അവരെ ധിക്കരിക്കുന്നു

ഇങ്ങനെയുള്ള ലോകസ്ഥിതിയെ ദൃഢതയിൽ നിലനിൎത്തുവാൻ പൎയ്യാപ്തമായ ഒരു സാഹിത്യലോകം സൃഷ്ടിക്കുകയാണ് കവികൾ ഇനി ചെയ്യേണ്ടതുള്ളതു്. അങ്ങനെയുള്ള സാഹിത്യസൂൎയ്യോദയംകൊണ്ടല്ലാതെ ഈവക അടിമത്തത്തിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മതപ്പയററിൽനിന്നും ജനങ്ങൾക്കു് മറുകരയേറുവാൻ സാധിക്കുന്നതല്ല. സാമുദായികകോളുകൾ ഇളകിമറിയുന്നു. അതിലെ മാത്സൎയ്യത്തിരകളുടെ പരസ്പരം സംഘട്ടനയുടെ ശബ്ദാവലി ലോകമെങ്ങുംമുഖരിതമാക്കുന്നു. വ്യക്തിവിദ്വേഷം മതദ്വേഷം മുതലായവ ഓരോന്നും അഹമഹമികയാ വന്നുചേരുന്നു. സംഘടനാപരമായ ജനതതിയുടെ ജീവിതധോരണിയെ വിസംഘടിതമാക്കിത്തീൎക്കുന്നു. അസൂയ അതിൻെറ ആദ്ധ്യാത്മിക ഭൌതിക ശക്തികളെ ലോകമാസകലം നടമാടിക്കുന്നു. അഹോ! ലോകം താറുമാറായിപ്പോയല്ലോ എന്ന ബോധം കവികൾക്കു ധരിക്കേണ്ടതായ കാലം അതീതമായിപ്പോയി. ഏതാദൃശകാൎയ്യങ്ങളിൽനിന്നു ശാശ്വതവും സമാധാനപരവുമായ കരുണച്ച് ഏതൊരു സമുദായത്തിന്നും പ്രദൎശിപ്പിക്കുവാൻ കവികൾക്കല്ലാതെ മററാൎക്കും സാധിക്കുന്നതല്ല. മതവിദ്വേഷത്തിലും വ്യക്തിവിദ്വേഷത്തിലും ഇട്ടു പഴകി മരവിച്ചിരിക്കുന്ന മനുഷ്യമനസ്സിനെ തെല്ലുപോലും ഒന്നു മിനുസപ്പെടുത്തുവാൻ തൽപരമായ സാഹിത്യാമൃതധാരക്കല്ലാതെ ശേഷിയുണ്ടാകുന്നതല്ല. അതിനാൽ ഈവക കാൎയ്യങ്ങളെ വിശദമായി ചിത്രീകരിക്കുന്ന സാഹിത്യവും കവികളും ദിനംപ്രതി വൎദ്ധിക്കുകതന്നെയാണ് ഇനിയും വേണ്ടതു്.

ജനതയുടെ മനസ്ഥിതിക്കു ക്ഷണികതതന്നെയാണുള്ളതു്. കാലചക്രം തിരിഞ്ഞുംകൊണ്ടിരിക്കുമ്പോൾ തദവലംബികളായ ജനങ്ങൾക്കും അചഞ്ചലത്വം സംഭാവ്യമല്ല. എങ്കിലും ലോകം ഏതോ സുസ്ഥിരമായ പരിശ്രമത്തിൻെറ അസ്ഥിവാരം പണിചെയ്യുംകൊണ്ടിരിക്കുന്നുണ്ടു്. ഇന്നത്തെ മഹാകവികളും തദനുകൂലികൾ തന്നെ എന്നുള്ളതിൽ തൎക്കമില്ല. കാലസ്ഥിതിക്കനുസരിച്ച് നിയന്ത്രിതമായ കവികളുടെ വാസനാമൂശയിൽനിന്നു് വാൎത്തെടുക്കുന്ന പേശലാശയങ്ങൾക്കുമാത്രമേ ഇക്കാലത്തു് വിലയും നിലയും ഉള്ളു എന്നതിന്നു ഒന്നു രണ്ടു ദാഹരണങ്ങൾകൂടി ഇവിടെ കാണിക്കേണ്ടിവരുന്നു. മഹാകവി കുമാരനാശാൻെറ നിസ്തുലങ്ങളും നിസൎഗ്ഗസുരഭിലങ്ങളുമായ സാമുദായികഗാനങ്ങൾ ലോകരേ അസമത്വത്തിൽനിന്നും അടിമത്വത്തിൽനിന്നും ഹസ്താവലംബം ചെയ്തു കരകയററിട്ടുള്ളതിനു് കയ്യുംകണക്കുമില്ല. അനാചാരങ്ങളും

അന്ധവിശ്വാസങ്ങളുമായ വടവൃക്ഷങ്ങളുടെ പട്ടുവേരറുത്തു അവയെ ഇനിയവർ വരാതെവണ്ണം പോകുമാറാക്കിത്തീക്കുന്ന വജ്രായുധങ്ങൾ തൽപരങ്ങളായ കോമളകലകളല്ലാതെ മറെറാന്നുമല്ല ജാതിഭേദം അജ്ഞാനത്തിൻേറയും അഹംഭാവത്തിൻെറയും മുളയാണെങ്കിൽ അയിത്തം അവയെ സൂക്ഷിക്കുന്ന വേലിതന്നെ. അവയെപ്പററി മഹാകവികുമാരനാശാൻ പാടിട്ടുള്ള ചില വരികൾ ഇവിടെ ഉദ്ധരിക്കുന്നു.

"വ്യാമോഹമാന്നും സുഖത്തിൽ
പരക്ഷേമത്തിൽ വിപ്രിയമാന്നും
പാമരചിത്തം പുകഞ്ഞു—പൊങ്ങും
ധൂമമാമിഷ്യ താൻ ജാതി"

ജാതിഭേദം വെറും കുസൃതിക്കാരുടെ കുസൃതിപ്പണിയാണെന്നാണ് മഹാകവി കുമാരനാശാൻെറ അഭിപ്രായം. പിന്നീട് ഈ ജാതിഭേദം കൊണ്ടുളവാകുന്ന ഭയങ്കര വിപത്തുക്കളെപ്പററിയായിരുന്നു കവിയുടെ ആലോചന.

"സ്വാന്തകുഡുംബം പിരിക്കും—അതു
ബന്ധുക്കളെ വിഭജിക്കും.
ഹന്ത! വർഗ്ഗങ്ങൾ തിരിക്കും വക—
ച്ഛിന്നമായ് ലോകം മുടിക്കും.

എന്നിങ്ങനെ ജാതിഭേദം ഉളവാക്കുന്ന കഷ്ടനഷ്ടങ്ങളെപ്പററി ഓക്കുന്നു. ഈ വിധത്തിലുള്ള സാമുദായികകാര്യങ്ങളുടെ ദുഷിച്ച ഭാഗങ്ങളെ അകററിക്കളയാതിരുന്നാൽ ലോകം നാമാവശേഷവും ഭൂതപൂർവ്വമായ ലോകചരിത്രത്തിൻെറ തെളിവെളിച്ചം ഈ ദുഷ്ടവായുവിൻെറ ആഹതിയിൽ പൊലിഞ്ഞുപോകയും ചെയ്യും.

ഇതുപോലെത്തന്നെ രാഷ്ട്രീയകാര്യങ്ങളെപ്പററിയുള്ള ഗാനങ്ങളും ലോകത്തെ തട്ടിയുണർത്തി കൃത്യത്തിൽ പ്രവർത്തിപ്പിക്കുന്നതായിക്കാണാം. മഹാകവി വള്ളത്തോളിൻെറ 'മാതൃഭൂമിയോട്' എന്ന തലക്കെട്ടിൽ എഴുതിയ കവിതയിൽനിന്ന് അല്പം വരികൾ ഇവിടെ ഉദാഹരിക്കാം.

'പട്ടിണികിടന്നോററം ചടച്ചകൈകൊണ്ടുന്നിൻ
കുട്ടികൾ പെരുക്കുന്നുമൊരടിക്കമെക്കില്ലെ'
പട്ടണപ്രാസാദവും പാഴ്കൊട്ടും കാന്താരവും
പട്ടുമെത്തയും പാറപ്പുറവുമവക്കൊപ്പം

ത്യാഗമോ! സർവ്വോൽകൃഷ്ടമാകിയ ധർമ്മം മഹാ
ഭാഗയാം തവ പുത്രക്കണ്ടെയാലുപരിഷ്ടം

എന്നും അവിടത്തെതന്നെ മാതൃവന്ദനമെന്ന കവിതയിൽ

'ഹ! ഹ! നിൻ തോട്ടങ്ങളിൽ താമ്പൂലലതകളാൽ
ഗൃഹസ്ഥാശ്രമികളായി ചമഞ്ഞ കവുങ്ങുകൾ
കാസ്സുകൾ തൻഫലനംകൊണ്ടു നമ്രമൗലികളായി
ലോകോപകാരോന്മേഷാൽ ചാഞ്ചാടി നിന്നീടുന്നു

എന്നും മററുമുള്ള ഭാഗങ്ങളെക്കൊണ്ടു് രാഷ്ട്രത്തിൻെറ യാഥാൎത്ഥ്യതയെ എത്ര സമഞ്ജസമായി പ്രതിപാദിച്ചിരിക്കുന്നു. ഹാ! ഈ വിധത്തിൽ കാലാനുകൂലമാംവിധത്തിൽ കവനംചെയ്തു ലോകരേ സമാശ്വസിപ്പിക്കുന്ന കവിപുംഗവന്മാരുടെ ലോകശുശ്രൂഷക്കു് ഏവരും കൈകൂപ്പുക.

## മാമ്പഴം.

പ്രേംജി.

(൧)

എനിക്കിതാ, കാററത്തുനിന്നു കിട്ടിയോ-
രിനിയമാമ്പഴം ഭുജിക്കണമിപ്പോൾ;
അടുത്ത നാളത്തെസ്സുഖോപഭോഗത്തി-
ന്നൊട്ടുത്തുവെയ്ക്കുകില്ല,ളിഞ്ഞുപോയാലോ!
സുരുചിരസ്വാദു ഫലനിരതിങ്ങും
ധരയിതേതൊരാൾക്കെഴുന്ന തോട്ടമോ,
പരമവിടുത്തെപ്പരദുരാപമാം
പരമൌദാര്യത്തിൻ ചിരപരിപാകം
കരുതലേറിഞാൻ കളഞ്ഞുവെന്നാൽത്ത-
ന്തിരുവടിയതു പൊറുത്തുകൊള്ളുമോ?
മരക്കൊമ്പത്തു,ഷസ്സൊളിയേററമിന്നും
മുരംപച്ചക്കായ്ക്കു കൊതിച്ചുനില്ക്കാതെ,
അരം ഭുജിക്കട്ടെ കരത്തിൽ വന്നതാ-
മരിയൊരിപ്പഴം പരിണത രമ്യം.

(൨)

ഇതെന്തു സൌരഭ,മിതെന്തു സൌന്ദര്യ,-
മിതെന്തു മാർദ്ദവ,മിതെന്തു മാധുര്യം!
മലർമാസത്തിന്റെ മണമണിച്ചെപ്പേ,
സുലഭ മാധുരീ ഭരമണിക്കപ്പേ,
മദകരം നിന്റെ മധുരദർശനം!
കൃതപുളകം നിൻമൃദുളസ്പർശനം!
മുകർന്നിടായ്വതോ തവ മുഖം മുഗ്ദ്ധം;
നുകർന്നിടായ്വതോ തവ മധു സ്നിഗ്ദ്ധം!

കരങ്ങളാൽ നിന്നെക്കശക്കിടും നിന്നാ-
ന്തരരസമാകെയിളകുവോളം ഞാൻ;
കടുത്ത പൽകളാൽക്കടിച്ചുപൊട്ടിക്കും
തുടുത്ത നിന്നോമനമൃദുകവിൾത്തടം;

സസീൽക്കൃതിസ്വപ്നമൊരിമ്പലിമ്പി നിൻ
രസക്കൊഴുപ്പമ്പെക്കുടിച്ചുവററിക്കും!

വളരട്ടേ ദാഹം, കിളരട്ടേ മോഹം,
തളരട്ടേ മമ സിരകളൊക്കെയും -
മനം മയങ്ങിയങ്ങിനെ ഞാനെന്നെത്താൻ
മറന്നുറങ്ങുമാ മദലഹരിയിൽ!

---

# വിധവ

—ഉദയശങ്കരൻ.

൧

ചിങ്ങമാസത്തിലെ ആ ഉത്രാടത്തുനാൾ അവൾക്ക് ഇരുപതു വയസ്സു തികഞ്ഞതേയുള്ളൂ. എന്നാൽ നാലു കൊല്ലമായി ശാരദ ഒരു വിധവയായിട്ട്--എന്നുവെച്ചാൽ, നാലു കൊല്ലമായി അവൾ വീട്ടിനകത്ത് ഒരു മാറാവ്രണവും വീട്ടിനു പുറത്തു ഒരു ദുഃശ്ശകുനവുമായിട്ട്.

൨

ആനന്ദപുരം ഗ്രാമത്തിലെ ഏററവും കുലീനവും ധനസമ്പന്നവുമായ ആ ബ്രാഹ്മണകുടുംബത്തിൽ ഇടക്കാലത്തുവെച്ചു ക്ഷയം എന്ന ആ മഹാവ്യാധി വന്നു പിടിപെട്ടു. അവിടെ വിരിഞ്ഞുവന്ന ഓരോ പൂവലംഗത്തിലും അതിന്റെ പുഴുക്കളുണ്ടായി. ഒടുവിൽ അളവററ ധനത്തിനും അതിയായ അന്തസ്സിനും അവകാശികളായി മൂന്നു അംഗങ്ങൾ മാത്രം അന്നു ആ കുടുംബത്തിൽ അവശേഷിച്ചു. ശ്രീമതി അന്നപൂർണ്ണിയുടെ മൂത്ത പുത്രനാണു രാമചന്ദ്രൻ; ഇളയവൻ ഹരിഹരൻ. വഷ്ക്കാലത്തെ പനന്തയ്യ്‌പോലെ അസാമാന്യമായ ശരീരദാർഢ്യത്തോടെയാണു രാമചന്ദ്രൻ വളർന്നുവന്നതു്. ആ മുഖത്തു യൌവ്വനതേജസ്സുകൂടി ഉദിച്ചുയർന്നപ്പോൾ അസൂയാർഹമായ ഒരു പുരുഷസൌഭാഗ്യമായിരുന്നു അദ്ദേഹത്തിൽ വിളങ്ങിക്കണ്ടതു്. മദിരാശിയിൽനിന്നു ഡിഗ്രിയും എടുത്തു നാട്ടിലേക്കു മടങ്ങിവന്നപ്പോൾ ധാരാളം തലമുടിയുള്ള സുന്ദരികളായ പല കൊച്ചുപെൺകുട്ടികളേയും പററി അമ്മ മകനോടു ശുപാർശ ചെയ്തു. എന്നാൽ അമ്മയോടു ഏററവും വണക്കവും അനുസരണവുമുള്ള ആ പുത്രൻ ഇക്കാര്യത്തിൽ മാത്രം അത്ര അനുകൂലിച്ചില്ല. സ്വകുടുംബത്തിനു സ്ഥായിയായി കാണപ്പെട്ട ആ മാറാവ്യാധി പരമ്പരാഗതമായി തനിക്കും ലഭിച്ചിട്ടുണ്ടെന്നു് അയാൾ ദൃഢമായി വിശ്വസിച്ചിരുന്നു. നിരപരാധിനിയായ ഒരു യുവതിയുടെ ജീവിതത്തേയോ, പക്ഷെ തനിക്കവളിൽ ഉണ്ടായേക്കാവുന്ന സന്താനങ്ങളുടെ ആരോഗ്യത്തേയോ, താൻ പാഴാക്കരുതെന്നു അയാൾ നിശ്ചയിച്ചു. നിത്യബ്രഹ്മചാരിയായി മരിക്കുവാനാണു ആ ദൃഢചിത്തൻ ഉറച്ചിരുന്നതു. ഒടുവിൽ, കുടുംബത്തിന്റെ നിലനില്പിനും അമ്മയുടെ

ആഗ്രഹനിവൃത്തിക്കുംവേണ്ടി വിദ്യാൎത്ഥിയായ ഹരിഹരൻതന്നെ വിവാഹം ചെയ്യേണ്ടിവന്നു.

അമ്മതന്നെയാണു വധുവിനെ തിരഞ്ഞെടുത്തതു. ഏററവും ദരിദ്രമായ ഒരു കുടുംബത്തിൽനിന്നു പതിനൊന്നു വയസ്സു പ്രായമായ ആ പെൺകുട്ടിയെ തിരഞ്ഞെടുക്കുവാൻ അന്നപൂൎണ്ണിയെ പ്രേരിപ്പിച്ച ആ മനോഭാവം എന്തായിരുന്നു ആവോ? എങ്ങിനെയായാലും ഇത്ര വമ്പിച്ച ഒരു കുടുംബത്തിലെ ഭാവി നായികാസ്ഥാനത്തിന്റെ കിരീടം ചാൎത്തുവാനുള്ള മഹാഭാഗ്യം ഇടിഞ്ഞു പൊളിഞ്ഞു വീണതു ശാരദയുടെ കുഞ്ഞിത്തലയിലാണു്. ഉററവരായി ശാരദക്കു അകന്ന ഒരു അമ്മാമൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ അനുമതിയോടും ആശിസ്സോടുംകൂടി—ആചാരത്തിന്നു വിരുദ്ധമെങ്കിലും—അന്നുതന്നെ അവളെ ഭൎത്തൃഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു.

ആ ഗ്രാമവാസികൾ ആഘോഷിച്ചിട്ടുള്ള ഏററവുംവലിയ ഉത്സവമായിരുന്നു അതു്. അനവധി തലമുറകളായി ആ ഗ്രാമത്തിന്റെ താങ്ങും തണലുമായി വൎത്തിച്ചിരുന്ന ആ ബ്രാഹ്മണകുഡുംബത്തിന്റെ സുഖദുഃഖങ്ങളിൽ ആത്മാൎത്ഥമായി പങ്കുകൊള്ളാത്ത ഒരു കുട്ടിപോലും ആ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല! വധൂവേഷത്തിൽ ശാരദ ആദ്യമായി ആ ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ ഓരോ പടിക്കലും ഉണ്ടായിരുന്ന തോരണങ്ങളും നിറപറകളും നെയ്വിളക്കുകളും കണ്ടു് അവൾ പൊട്ടിച്ചിരിച്ചു. 'കലവറയില്ലാത്ത' ആ പൊട്ടിച്ചിരി അന്നുതന്നെ അവളെ ആ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയാക്കി. ആ വൎഷത്തിൽ ആ ഗ്രാമത്തിൽ പിറന്ന എല്ലാ പെൺകുട്ടികൾക്കും ഒരേ ഒരു പേരായിരുന്നു—'ശാരദ.'

൩.

ദുമ്മരണങ്ങളുടെ ദുഃഖച്ഛായ വ്യാപിച്ചു കിടന്നിരുന്ന ആ പ്രഭുകുഡുംബത്തിൽ ചന്ദ്രകിരണംപോലെ ആശയും ആനന്ദവും ചിതറിക്കൊണ്ടാണു അവൾ വന്നതു്. അവളുടെ തരിവള കിലുക്കംകൊണ്ടും കാൽച്ചിലമ്പൊലികൊണ്ടും ആ ഭവനാന്തരിക്ഷം മുഖരിതമായി. വസന്താഗമനത്തിലെ പൂങ്കാവനംപോലെ നവമായ ഒരു ജീവനും ശോഭയും അവിടെ വ്യാപിച്ചു. വിവാഹം കഴിഞ്ഞു പിറേറദിവസംതന്നെ ഹരിഹരൻ ഉപരിപഠനത്തിന്നു ശീമക്കുപോയി; ശാരദ ഗ്രാമത്തിലേക്കു കളി

ക്കുവാനും. ഗ്രാമീണകന്യകകളുമൊന്നിച്ച് അവൾ പാടിയും ഓടിയും നാൾകഴിച്ചു. ഒരു ദിവസംമുഴുവൻ സിന്ദൂരം തൊടലാണ്, മറ്റൊരുദിവസംമുഴുവൻ കണ്ണെഴുതൽ, വേറെയൊരുദിവസം മുഴുവൻ മയിലാഞ്ചിയിടൽ. ചിത്രശലഭങ്ങളെപ്പോലെ അവർ പൂക്കളിൽനിന്നു പൂക്കളിലേക്കോടി, പച്ചക്കിളികളേപോലെ അവർ പാട്ടുപാടി മയിൽപേടകളെപ്പോലെ അവർ ആടയണിഞ്ഞാടി. ശരൽക്കാലത്തെ മേഘശകലങ്ങളെപ്പോലെ വൃക്ഷങ്ങളുടേയും കുന്നുകളുടേയും പിന്നിൽ അവർ ഒളിച്ചുകളിച്ചു; വർഷക്കാലത്തെ കൊച്ചരുവികൾപോലെ മണൽത്തിട്ടുകളിൽ അവർ കളിച്ചു മദിച്ചു—ശാരദയുടെ ആഗമനത്തിൽ ചിറകുമുളച്ച ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ ആ ഗ്രാമത്തിൽ നൂതനമായ ഒരു ഉത്സാഹവും അവാച്യമായ ഒരു ആനന്ദവായ്പും ഉണ്ടായി.

അങ്ങിനെ മധുമാസംപോലെ മനോഹരമായ നാലു കൊല്ലങ്ങൾ കഴിഞ്ഞു. ശാരദയ്ക്കു വയസ്സു പതിനഞ്ചായി—അവൾ പുഷ്പിണിയായി. എപ്പോഴും ഇങ്ങിനെ പുറത്തു പോകുന്നതും കുട്ടികളെപ്പോലെ കളിക്കുന്നതും ഇനി കുറേശ്ശ ചുരുക്കേണ്ടതാണെന്ന് ഒരു ദിവസം അവളുടെ തലമുടി സ്നേഹപൂർവ്വം വകഞ്ഞുകൊടുക്കുമ്പോൾ 'അമ്മ' ഭംഗിയായി പറഞ്ഞു. അതുകൊണ്ടും ശാരദയുടെ കുട്ടിക്കളിക്കു വലിയ കുറവൊന്നും ഉണ്ടായില്ല. അവൾ ഗ്രാമത്തിലേക്കു പോകുന്നതിനു പകരം ഗ്രാമം മഠത്തിലേക്കുവന്നു! പുഴക്കു പകരം അവിടത്തെ വലിയ കുളമായി കലങ്ങാനെന്നു മാത്രം!

൮

ഒരു ദിവസം വൈകുന്നേരം വലിയൊരു ഡിഗ്രിയുമെടുത്തു ഹരിഹരൻ തിരിച്ചുവന്നു. പിറ്റേദിവസം ശാരദയുടെ സഖികൾ മയിലാഞ്ചിയരച്ച് ഇടുവാൻ ആളുണ്ടായില്ല. കൃഷ്ണന്റെ വേഷം കെട്ടുവാൻ ആളില്ലാത്തതുകൊണ്ടു 'ഗോപസ്ത്രീക'ളുടെ അഴിച്ചിട്ട വാർമുടികൾ അന്നു മുല്ലപ്പൂ ചൂടാതെ അഴിഞ്ഞുതന്നെ കിടക്കേണ്ടിവന്നു. പെട്ടെന്നു ശാരദക്കു ഒരു 'നാണം' വന്നുചേർന്നു.

൯

അക്കൊല്ലം അഷ്ടമിരോഹിണിനാൾ ശാരദ സുന്ദരനായ ഒരു ആൺകുട്ടിയെ പ്രസവിച്ചു. എന്നാൽ അന്ന് അവൾ ഒരു വിധവയായിരുന്നു.

പൈശാചികമായ ആ രോഗം സുന്ദരമായ മറെറാരു യൌവന ത്തേകൂടി കടിച്ചുതുപ്പി. പതിനാറു വയസ്സുമാത്രം, ശാരദ ഒരു വിധ വയായി—ലോകത്തിൻെറ ഇരുളടഞ്ഞ മൂലകളിൽ ചുരുങ്ങിക്കൂടേണ്ടുന്ന ഒരു അശ്രീകരവസ്തു! അവളുടെ കളിച്ചിലങ്കയുടെ നാവു പിഴുതു കളയ പ്പെട്ടു; അവളുടെ നിലക്കണ്ണാടികളിൽ മാറാമ്പലയും പണ്ടപ്പെട്ടിക ളിൽ തുരുമ്പും നിറഞ്ഞു. അവളുടെ നെററിമേലത്തെ കുങ്കമപ്പാട്ടും ചുണ്ടത്തെ അരുണിമയും മാഞ്ഞുപോയി. വെള്ളവസ്ത്രവും ഭസ്മക്കുറിയും മാത്രം അണിഞ്ഞ ആ പെൺകിടാവു് ദയനീയമായ ഒരു കാഴ്ചയായി രുന്നു—പൊകപിടിച്ച ചില്ലുപോലെ, വിയർപ്പുനീരുററ സിന്ദൂരപ്പൊട്ടു പോലെ, മഞ്ഞുകാലത്തെ ചന്ദ്രക്കലപോലെ!

൩.

ആ വമ്പിച്ച ഗൃഹം മുഴുവൻ നിശിതമായ നിശ്ശബ്ദതയിലാണു. കുട്ടി യുടെ ഇടക്കിടെക്കുള്ള കരച്ചിലിൻെറ ശബ്ദം മാത്രമാണു ആ വീടു കേവലം ഒരു ശവക്കല്ലറ അല്ലെന്നുള്ളതു അയൽവക്കക്കാരെ ഓർമ്മിപ്പിച്ചതു്. വർഷ ക്കാലത്തെ മഴവില്ലുപോലെ ബാലഗോപാലൻ ദിവസംതോറും കൂടുതൽ കൂടുതൽ കോമളനായി വളൎന്നുവന്നു. ആ പ്രഭുകുഡുംബത്തിൻെറ സൎവ്വ ആശയും പൂത്തിരുന്നതു് ആ കിളുന്തുവല്ലിയിലാണു്. ഒരു ദിവസം പെ ട്ടെന്നു രാമചന്ദ്രൻെറ മുഖത്തു നോക്കി കുട്ടി "പ്പാ—പ്പാ" എന്നു വിളിച്ചു. വാസ്തവത്തിൽ ആളുകൾ വിചാരിച്ചിരുന്ന അത്ര വികാരശൂന്യനായ ഒരു 'മൂർഖ'നല്ലായിരുന്നു രാമചന്ദ്രൻ. അദ്ദേഹത്തിൻെറ ഹൃദയ ത്തിൻെറ അഗാധതയിൽ എവിടേയൊ ഉറച്ചു കട്ടിയായി കിടന്നിരുന്ന മൃദുലവികാരങ്ങൾ ആ കുട്ടിയുടെനേൎക്കു അണമുറിഞ്ഞപോലെ കുതിച്ചു പാഞ്ഞുതുടങ്ങി. മുലകുടിമാറിയതിൽപിന്നെ 'ബാലൻ' രാമചന്ദ്രൻെറ ഒപ്പമാണു് കിടന്നുറങ്ങിയിരുന്നതു്. രാമചന്ദ്രൻെറ പുറത്തു കയറി ആന കളിക്കുകയായിരുന്നു അവനേററവും രസകരമായ കളി. അദ്ദേഹ ത്തിൻെറ മുറിയിലെ ചുമരുകളെല്ലാം ബാലൻെറ പടങ്ങളെക്കൊണ്ടു നിറഞ്ഞു. പട്ടവികൃതിയായിട്ടാണു് ബാലൻ വളൎന്നുവന്നതു്. അമ്മ യുടെ തലമുടി (വിധവയെങ്കിലും അവൾ തല മുണ്ഡനംചെയ്യിരുന്നില്ല.) ചിലപ്പോൾ കത്രിക എടുത്തു വെട്ടിക്കളയും; 'പാട്ടി'യുടെ തേവാരമുറിയിൽക്കടന്നു ദേവിക്കു നിവേദിക്കുവാൻ വെച്ചിരുന്ന തിരുമധുരം മുഴുവൻ അവൻ എടുത്തുതിന്നും; അരയിലെ പൊന്നിൻകി

ങ്ങണി ഊരി അവൻ മാങ്ങ എറിയും—എന്നാൽ അവൻെറ അമ്മയോ പാട്ടിയോ അവനെ ചീത്തപറയുവാനൊ തല്ലുവാനൊ രാമചന്ദ്രൻ സമ്മതിക്കുകയില്ല. ദിവസവും പുറത്തുപോയി വരുമ്പോൾ കുട്ടിക്കു കളിക്കുവാൻ അദ്ദേഹം എന്തെങ്കിലും കൊണ്ടുവരും.—ഇന്നൊരു പാവക്കുട്ടി, നാളെ ഒരു പട്ടുതൊപ്പി, മററന്നാൾ ഒരു കൊച്ചു സൈക്കിൾ. ബാലൻെറ പ്രായത്തിൽ ആ ഗ്രാമത്തിലുള്ള കുട്ടികൾ മിക്കവാറും പകൽ മുഴുവനും ആ ഗ്രാമത്തിലാണ് കഴിച്ചുകൂട്ടിയിരുന്നതു്. 'ഗൌരവക്കാര'നായ 'വലിയസ്വാമി'ക്കു പെട്ടെന്നു വന്നുചേർന്ന മാററം കണ്ടു എല്ലാവരും പറഞ്ഞു. "വല്ലാത്തൊരു മാററം." തൻെറ കുഞ്ഞുങ്ങളെ പറക്കുവാൻ പഠിപ്പിക്കുന്ന കൃഷ്ണപ്പരുന്തിനെപ്പോലെ അത്ര ഉത്സാഹത്തോടും ആനന്ദത്തോടും അദ്ദേഹം ആ ബാലന്മാരുടെ ഒപ്പം കളിച്ചും ചിരിച്ചും കൂടി.

൭.

ഒരുദിവസം രാമചന്ദ്രൻ മുഖക്ഷൌരം ചെയ്യുമ്പോൾ തൊടിയിൽനിന്നു കുട്ടി കരയുന്നപോലെ ഒരു ശബ്ദംകേട്ടു. അർദ്ധക്ഷൌരത്തോടുകൂടിത്തന്നെ അദ്ദേഹം പരിഭ്രമിച്ചു തൊടിയിലേക്കു് ഓടിപ്പോയി. ആ സമയത്താണു് ബാലൻ ആ മുറിയിലേക്കു ഓടിച്ചെന്നതു്. അവിടെ മേശപ്പുറത്തു കണ്ണാടിയും നിവർത്തിവെച്ചിരുന്ന കത്തിയും അവൻ കണ്ടു. കൂടക്കൂടെ 'അപ്പാവ്'കത്തിയും കണ്ണാടിയുമായി കുറേനേരം കൂട്ടുന്നതും കുറേക്കൂടി സുന്ദരനായി വരുന്നതും അവൻ കാണാറുണ്ടു്. ഒരുദിവസം തനിക്കും ഒന്നു മുഖക്ഷൌരം ചെയ്യണമെന്നു് അവൻ അപ്പാവോടു ആവശ്യപ്പെട്ടതാണ്. "രണ്ടുദിവസം കഴിയട്ടെ, ബാലനും മീശയൊക്കെ വരട്ടെ" എന്നാണു് അതിനു മറുപടിലഭിച്ചതു്. അവൻ തികച്ചും രണ്ടുദിവസം ക്ഷമയോടും അനുസരണത്തോടുംകൂടി കാത്തിരുന്നു. എന്നിട്ടും മീശകുരുക്കുന്നില്ലെങ്കിൽ—അപ്പോൾ ഒരാൾ ഒരിക്കലും മുഖക്ഷൌരം ചെയ്യേണ്ടന്നൊ! ബാലൻെറ ക്ഷമ തിരെ കെട്ടുതുടങ്ങിയതാണ്. അപ്പോഴേക്കാണു് ഈ സുവർണ്ണാവസരം ലഭിച്ചതു്. അവൻ മേശമേലേക്കൊന്നു നോക്കി. ദിവസവും വൈകുന്നേരം സമ്മാനവും ഉമ്മയും കൊണ്ടുവരുന്ന അപ്പാവിൻെറ മുഖംപോലെ ചിരിച്ചുകൊണ്ടുള്ള ആ കണ്ണാടി—ഇത്രകാലമായിട്ടും ഇനിയും ഒന്നു മുഖക്ഷൌരം ചെയ്തില്ലല്ലോ എന്നു് അവൻെറ മുഖത്തുനോക്കി 'കഷ്ടംവെക്കു'വാനായി നിവർത്തിയ ഒരു ചൂണ്ടാണിവിരലുപോലുള്ള ആ കത്തി—അവൻ നാലുപുറവു മൊന്നു

നോക്കി. അകത്താരുമില്ല. അതുവല്ലാത്ത ഒരു പ്രലോഭനമായിരുന്നു. അവൻ കണ്ണാടിയിലേക്കു ഒന്നുനോക്കി, അപ്പോഴാണ് തന്റെ കഴുത്തിലെ ആ കറുത്ത മറുവു അവൻ കണ്ടതു്. അന്നൊരിക്കൽ അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു നില്ക്കുമ്പോൾ ആ അറയ്ക്കുന്ന പാടുകണ്ടിട്ടു വാരിയത്തു ലില പെട്ടെന്നു പിടിവിടുകയുണ്ടായി. "അയ്യേ! ബാലന്റെ കഴുത്തിൽ എന്തോഒന്നു്, കാക്കക്കാലുപോലെ!" അന്നതുകാരണം അവൻ ലിലയോടു മുഷിഞ്ഞതുകൂടിയാണു്. "എന്തോഒന്നു കാക്കക്കാലു പോലെ!" അവൻ ആവർത്തിച്ചു. മേശമേൽനിന്നു അവൻ ആ കത്തി എടുത്തു. കണ്ണാടിയിൽ ഒന്നുകൂടി നോക്കി. കഴുത്തിൽ നടുക്കുതന്നെ യായിരുന്നു ആ കാക്കക്കാല്. അതിന്റെ നാരായവേരോടുകൂടി പുഴക്കി കളയത്തക്കവണ്ണം അവൻ അമർത്തി ഒരു ചെത്തുചെത്തി. വാഴപ്പോള മേൽ അറക്കവാളുവെച്ചപോലെ ആ കത്തി കഴുത്തിൽക്കൂടി പാഞ്ഞു. ബാലമൃണാളനാളംപോലുള്ള ആ കണ്ണഞരമ്പു അററുപോയി. ചോര കൊണ്ടു അവിടം ഓളംവെട്ടി.

രാമചന്ദ്രൻ വന്നു നോക്കുമ്പോൾ—മൂവന്തിമേഘംകണ്ട മാർത്താണ്ഡബിംബംപോലെ അദ്ദേഹം മൂർഛിച്ചുവീണു.

വ്വ

അസഹനീയമായ ഒരു ആഘാതമായിരുന്നു അതു. ശാരദയുടെ ഹൃദയത്തിന്നു ഒരു മുറിവു് ഉണ്ടായതു്. അന്നപൂർണ്ണി കുറച്ചു ദിവസത്തേക്കു അവരുടെ ദേവിക്കുകൂടി മാപ്പു കൊടുത്തില്ല. എന്നാൽ രാമചന്ദ്രന്റെ ഹൃദയത്തിലാണു് ആ മുറിവു് ഏററവും ആഴത്തിൽ തറച്ചതു്. തന്റെ അശ്രദ്ധമൂലമാണു കുട്ടി മരിച്ചതെന്നു അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്നു ചിത്തഭ്രമം ബാധിച്ചതുപോലെ കാണപ്പെട്ടു. കുറേക്കാലത്തേയ്ക്കു് അദ്ദേഹം തന്റെ മുറി വിട്ടു പുറത്തു ഇറങ്ങിയതേയില്ല. "അവനെ ഞാൻ കൊന്നു—എന്റെ ബാലനെ ഞാൻ കൊന്നു—" അദ്ദേഹം ഇടക്കിടക്കു പുലമ്പാറുണ്ടു്. ചിലപ്പോൾ ഉണ്ണുമ്പോഴായിരിക്കും, ചിലപ്പോൾ ഉറങ്ങുമ്പോഴായിരിക്കും--അദ്ദേഹം പൊടുന്നനെ എണീററു് ഓടിപ്പോകും. അദ്ദേഹം ആത്മഹത്യ ചെയ്യുമോ എന്നുകൂടി ചിലർ ഭയപ്പെട്ടു. എന്നാൽ രാമചന്ദ്രന്നു തന്റെ വൃദ്ധമാതാവിനോടുണ്ടായിരുന്ന സ്നേഹവും ഭക്തിയും അറിഞ്ഞിരുന്ന അദ്ദേഹത്തിന്റെ ആത്മസുഹൃത്തുക്കൾ അക്കാര്യം തീരെ സംശയി

ച്ചില്ല. പുറത്തു പോയി വരുമ്പോളെല്ലാം അദ്ദേഹം എന്തെങ്കിലും കളിക്കോപ്പുകൾ കൊണ്ടുവരും. താൻ മടങ്ങി വരുമ്പോൾ കണ്ണിലെ ആ വികൃതിതിളക്കത്തോടും കവിളത്തെ ആ നുണക്കുഴിയോടുംകൂടി തന്റെ കഴുത്തിൽ കെട്ടിപ്പിടിക്കുവാൻ ബാലൻ അപ്പോഴും ഉണ്ടാവുമെന്നു --പാവം--ആശിച്ചുവോ ആവോ! ആ വീട്ടിന്റെ പടിക്കൽ കൊച്ചു കൊച്ചു കളിക്കോപ്പുകൾ എന്നും കിടക്കുന്നതു കാണായി -- ഒടിഞ്ഞ ഓടക്കുഴലുകൾ, ചതഞ്ഞ പാവക്കുട്ടികൾ, തകന്ന കുപ്പിവളകൾ. രാമചന്ദ്രനെ ഓത്തു അകത്തുള്ളവർ അവരുടെ സങ്കടങ്ങളേയും ആവലാതികളേയും അടക്കിവെച്ചു. അന്നപൂണ്ണി നഗരത്തിൽനിന്നും ഒരു ഗ്രാമഫോൺ വരുത്തി. പക്ഷെ അതുകൊണ്ടൊന്നും വലിയ കാര്യസാദ്ധ്യമുണ്ടായില്ല. രാമചന്ദ്രന്റെ ഹൃദയത്തിൽ വിളക്കിയാൽ ചേരാത്ത വിള്ളൽ ഉണ്ടായതുപോലെ കാണപ്പെട്ടു. അദ്ദേഹം എപ്പോഴും ബാലന്റെ ഫോട്ടോ എടുത്തു നോക്കും. ദാഹിച്ചുവരണ്ടവൻ വററിയകുളം കാണുമ്പോഴത്തെപ്പോലെ ആ നിർജ്ജീവവസ്തുക്കളെല്ലാം ബാലന്റെ ചോരത്തെറിപ്പുള്ള മുഖം കാണുന്നതിന്നുള്ള അദ്ദേഹത്തിന്റെ ദാഹത്തെ ഉദ്ദീപിപ്പിച്ചതേയുള്ളു.

തന്നേയും തന്റെ കുഡുംബത്തേയും ഏതോ വമ്പിച്ച ഒരാപത്തു ചുഴന്നുനില്ക്കുന്നുണ്ടെന്നുള്ള അവ്യക്തമായ ഒരു ബോധം കുട്ടിക്കാലം മുതൽക്കേ രാമചന്ദ്രനുണ്ടായിരുന്നു. എന്നാൽ അതു ഇത്ര നിഷ്ഠുരമാവുമെന്നു അദ്ദേഹം വിചാരിച്ചതേയില്ല. അവന്റെ ആ കുഞ്ഞിക്കവിൾ ഒരിക്കൽ കൂടി മുകന്നിട്ടാണെങ്കിൽ, മണിക്കിലുക്കംപോലുള്ള അവന്റെ പൊട്ടിച്ചിരി ഒരിക്കൽ കൂടി കേട്ടിട്ടാണെങ്കിൽ, അമ്മയുടെ ഉടപുടവ കൊണ്ടു എന്തെങ്കിലും വികൃതികാട്ടിയിട്ടു കണ്ണുകളിലെ ആ കള്ളത്തിളക്കത്തോടുകൂടി, തിരിഞ്ഞു തിരിഞ്ഞുനോക്കി, തട്ടിത്തടഞ്ഞുകൊണ്ടു മേഘങ്ങളിൽ കാലിടറികൊണ്ടു ഓടിവരുന്ന ബാലചന്ദ്രക്കലപോലുള്ള അവന്റെ ആ ഓടി വരവു് ഒരിക്കൽകൂടി കണ്ടിട്ടാണെങ്കിൽ—! ബാലൻ ഇല്ലാത്ത ആ മുറിയിൽ ഇരുന്നിട്ടു പൊകപോലെ ശ്വാസംമുട്ടി അദ്ദേഹം പുറത്തേക്കു ഓടിപ്പോകും. അവന്റെ ഛായയെങ്കിലും ഒന്നു കാണ്മാനുള്ള വെമ്പൽകൊണ്ടു കാററുപോലെ അദ്ദേഹം കിതച്ചുകൊണ്ടു ഓടിവരും.

൯.

അന്നു സന്ധ്യക്ക് അദ്ദേഹം പുറത്തുനിന്നും മടങ്ങിവന്നു. പുറനിന്നും കൊണ്ടുവന്ന ഒരു കൊച്ചുവള അദ്ദേഹത്തിന്റെ കയ്യിൽകിടന്നു ഞെരിയുന്നുണ്ടായിരുന്നു. ആ സമയത്താണ് ശാരദ ഭജനമുറിയിൽനിന്നും കടന്നുവന്നത്. അദ്ദേഹത്തിന്റെ കയ്യിൽ കിടന്നു ഞെരിയുന്ന ആ സുവർണ്ണകങ്കണത്തെ അവൾ കണ്ടു. അവളുടെ കണ്ണിൽ ഒരു കണ്ണീർകണം പൊടിഞ്ഞു. ഒരു നിമിഷംമാത്രം—കാററത്തുനിഴലടിച്ചുപോകുന്നതുപോലെ അവൾ നിശ്ശബ്ദം, വേഗത്തിൽ, മറഞ്ഞുപോയി. ഒരു നിമിഷംമാത്രം—എന്നാൽ അദ്ദേഹം അവളെകണ്ടു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു വമ്പിച്ച തൃഷ്ണ പെട്ടെന്നു കത്തിക്കാളി. താൻ അന്വേഷിക്കുന്ന എന്തോ ഒന്നു, കാണാതായ ഒന്നിനെ ഓർമ്മിപ്പിക്കുന്ന എന്തോ ഒന്ന്, അദ്ദേഹം അവളിൽ കണ്ടു. എന്താണത്? എവിടെയാണത് --? ആ രാത്രിമുഴുവൻ അദ്ദേഹം ഉറക്കമൊഴിച്ചുകിടന്നു. എന്താണത്? എവിടെയാണത്--? മഞ്ഞിൻകണമുററകറുകത്തുമ്പുപോലെ നീർപൊടിഞ്ഞ തരളശ്യാമളമായ ആ കണ്ണിമ--എവിടെയാണത് താൻ കണ്ടത്?-- എവിടെയാണ്? അവ്യക്തമായ പലരൂപങ്ങളും തേഞ്ഞും തെളിഞ്ഞും ഒടുവിൽ ഒരു വിഗ്രഹം അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ മുമ്പിൽ രൂപമെടുത്തു. താൻ അന്നു മുഖക്ഷൌരം ചെയ്യുവാൻ സമ്മതിക്കാത്ത ദിവസം നിറഞ്ഞ കണ്ണോടുകൂടി ബാലൻ തന്റെ മുഖത്തേക്കു നോക്കിയ ആ നോട്ടം--?

൧൦.

അഞ്ചാറുകൊല്ലം മുമ്പു വിവാഹമണ്ഡപത്തിൽവെച്ചാണു രാമചന്ദ്രൻ ശാരദയെ ആദ്യമായി കണ്ടത്. വീട്ടുകാര്യവും നാട്ടുകാര്യവും ഗൌരവസ്വഭാവവും ആയി കഴിയുന്ന രാമചന്ദ്രൻ കളിത്തോഴികളെ വേർപിരിയാത്ത ശാരദയെ പിന്നെ വല്ലപ്പോഴും കണ്ടിട്ടുണ്ടെങ്കിൽ ഉണ്ടു്, എന്നു മാത്രമേയുള്ളു. അവൾ ഒരു വിധവയായതിൽ പിന്നെ തീർച്ചയായിട്ടും അദ്ദേഹം അവളെ ഒരിക്കലും കണ്ടിട്ടില്ല. മഠത്തിന്റെ ഏതോ ചില മുക്കിലും മൂലയിലും എട്ടുകാലി വലകെട്ടുന്നപോലെ നിശ്ശബ്ദമായി എന്തൊ ഏതൊ ചെയ്യുന്ന അവളെ അന്നാരും അത്ര കാണാറില്ല-- പിന്നെയാണൊ അദ്ദേഹം! മണ്ണും ചളിയും പുരണ്ട ബാലൻ അകായിൽ പോയി പൊടിയിട്ടു മിനുക്കിയ വിൽക്കാശുപോലെ സുന്ദരനായി മട

ങ്ങിവരുമ്പോൾ മാത്രമാണു വിശാലമായ ആ ഭവനത്തിൻെറ ഉള്ളിൽ എവിടേയൊ ഒരു യുവതികൂടി ഉണ്ടെന്നുള്ളതു് അദ്ദേഹം സ്മരിക്കാറ്. പിന്നെ ബാലനെപ്പററിയല്ലാതെ വേറെ ആരേയുംപററി ചിന്തിക്കുവാൻ അദ്ദേഹത്തിന്നു സമയമൊ സൌകര്യമൊ ഉണ്ടായിരുന്നില്ലല്ലൊ.

അങ്ങിനെയിരിക്കുമ്പോഴാണു് ആകസ്മികമായ ഈ ദശ്നമുണ്ടായതു്. ബാലനെ സ്മരിപ്പിക്കുന്ന ഏതൊന്നിനോടും എന്തെന്നില്ലാത്ത ഒരു സ്നേഹവായ്പു് അന്നു് അദ്ദേഹത്തിൽ കണ്ടിരുന്നു. ബാലനെപ്പോലെത്തന്നെ കണ്ടതൊക്കെ ചെത്തിക്കളെയുവാൻ വല്ലാത്ത ഒരു വാസനയുണ്ടായിരുന്ന അവിടത്തെ തോട്ടക്കാരൻെറ മകന്നു് അദ്ദേഹം ഒരു വെള്ളികത്തിര സമ്മാനിച്ചു. ബാലനെ കൊടകക്കുടക്കൻ ഇട്ടുകാണുവാൻ നല്ല ഭംഗിയുണ്ടെന്നു ഒരിക്കൽ പറഞ്ഞു വാരിയത്തു ലിലക്കു് അദ്ദേഹം ഒരു ജോടി വൈരലോലാക്കു കൊടുത്തയച്ചു. ബാലന്നു് അവൻെറ അമ്മയുടെ ഛായയുണ്ടെന്നു് അദ്ദേഹം ഒരിക്കലും അറിഞ്ഞിരുന്നില്ല. ഇപ്പോൾ ബാലൻേറതുപോലുള്ള ആ കണ്ണുകൾ ഒരിക്കൽ കണ്ടപ്പോൾ ഒരിക്കൽ കൂടി കാണണമെന്നു് അദ്ദേഹത്തിന്നുതോന്നി. മരുഭൂവിൽ സഞ്ചരിച്ചു ദാഹിച്ചുഴറിയ പഥികന്നു് ആദ്യത്തെ ഒരു കവിൾവെള്ളം രണ്ടാമത്തെ കവിളിന്നു് എങ്ങിനെ തൃഷ്ണ പിടിപ്പിക്കുന്നുവൊ അത്തരം ഒരു തൃഷ്ണ അദ്ദേഹത്തിന്നുണ്ടായി. നിരുററകരിങ്കുവളപ്പൂപോലെയുള്ള ആ കണ്ണുകൾ അദ്ദേഹത്തിൻെറ ഹൃദയനാമ്പിനെ ചുട്ടുപഴുപ്പിച്ചു. പിറേറദിവസം അദ്ദേഹം യദൃച്ഛയാ ശാരദയെ കണ്ടു. താൻ ചെയ്വാൻ പാടില്ലാത്ത എന്തോ ഒന്നു ചെയ്യുകയാണെന്നു് അദ്ദേഹത്തിന്നു തോന്നി. രാമചന്ദ്രൻെറ ആദശ്ശുദ്ധിയും ഹൃദയദാർഢ്യവും അദ്ദേഹത്തിൻെറ സഹചാരികളെ അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ടു്. ആ ആദശ്ശുദ്ധിയും ആ മനോദാർഢ്യവും അദ്ദേഹം ഉപയോഗിച്ചുനോക്കി. എന്നാൽ തൊണ്ടവരണ്ട ഒട്ടകത്തിൻെറ വായിലിട്ട കടിഞ്ഞാൺ പോലെ അവ പൊടിഞ്ഞുപോയതേയുള്ളു. ചിലപ്പോൾ അവൾ കുളിച്ചുവരുമ്പോഴാവും, ചിലപ്പോൾ പ്രാത്ഥന കഴിഞ്ഞു മടങ്ങുമ്പോഴാവും. ഏതാണ്ടു ദിവസവും രാമചന്ദ്രൻ ശാരദയെ 'യദൃച്ഛയാ' കണ്ടുതുടങ്ങി.

൧൧.

വെളുപ്പാൻകാലത്തു മഞ്ഞു വീഴുന്ന പുഴയിൽ കുളിച്ചു വസ്ത്രം പിഴിയുമ്പോഴും, രാത്രിയിൽ 'ദേവി'യുടെ മുമ്പിൽ നമസ്കരിക്കുമ്പോഴും

ശാരദക്കു ഒരു വിചാരം, ഒരു ആലോചന, ഒരു മോഹം മാത്രമേ ഉണ്ടായിരുന്നുള്ളു— തൻെറ കുട്ടി ജീവിച്ചിരിക്കുമ്പോൾ അവനെ തന്നേക്കാൾ കൂടുതൽ സ്നേഹിക്കുകയും അവൻെറ മരണത്തിൽ തന്നേക്കാളധികം ദുഃഖിക്കുകയും ചെയ്യുന്ന നല്ലയൊരു ചെറുപ്പക്കാരനു മുഴുത്ത ഭ്രാന്തൊ, കുടുത്തക്ഷയമൊ വരാതിരിക്കുവാൻ ഒരു പാവപ്പെട്ട വിധവ പണിപ്പെട്ടാൽ എന്തുകഴിയും? ദിവസവും, താറുമാറായി ചണ്ടിനിറഞ്ഞ പൊട്ടക്കുളം പോലെ വൃത്തികെട്ടു കിടക്കുന്ന അദ്ദേഹത്തിൻെറ മുറിയെ അവൾ അടക്കിഒതുക്കി സൂര്യരശ്മിയേററ ചെന്താമരപ്പൊയ്കപോലെ സുന്ദരമാക്കി വെക്കും. ദിവസവും കാലത്തു് അദ്ദേഹം കുളിച്ചുവരുന്നതിനുമുമ്പു നവോഢയുടെ സ്വപ്നം പോലുള്ള തുടുത്ത പൂച്ചെണ്ടുകളെ അവൾ അദ്ദേഹത്തിൻെറ മേശപ്പുറത്തുകൊണ്ടുവെക്കും. ദിവസവും വൈകുന്നേരം അദ്ദേഹം പുറത്തുപോയി വരുമ്പോഴക്കും കാമിജനങ്ങളുടെ വിശ്വാസം പോലെ സുരഭിലമായ ചന്ദനത്തിരികൾ അദ്ദേഹത്തിൻെറ അറയിൽ അവൾ കൊളുത്തിവെക്കും. ആദ്യമൊക്കെ രാമചന്ദ്രൻ ഇതൊന്നും തീരെ അറിഞ്ഞതേയില്ല. എന്നാൽ ഈയിടെയായി അദ്ദേഹം അവളെ ചിലപ്പോൾ കണ്ടുതുടങ്ങി. ശാരദ അവളുടെ പോക്കുവരവിൻെറ സമയം പലവിധത്തിലും മാററി. എന്നാൽ എങ്ങിനെയെങ്കിലും അദ്ദേഹം അവളെ 'യദൃച്ഛയാ' കണ്ടുതുടങ്ങി.

കാണുംതോറും തൻെറ ഹൃദയത്തിൽ കൊത്തിവെച്ചു മാഞ്ഞുപോയ ആ ഒരു വിഗ്രഹം അദ്ദേഹത്തിൻെറ കണ്ണുകൾക്കു മുമ്പിൽ ജീവനെടുത്തതുപോലെ അദ്ദേഹത്തിനു തോന്നി. തൈലലേപനമില്ലാതെ ജടപിടിച്ചു താറുമാറായി പറന്നുകിടക്കുന്ന ആ കുറുനിരകളിൽ പൊടിപുരണ്ടു് ഓടിച്ചാടി നടക്കുന്ന ആ ഓമനക്കുട്ടിയെ അദ്ദേഹം കണ്ടു. പൂജാമുറിയിൽനിന്നും അമ്മയുടെ മണിക്കിലുക്കം കേട്ടു തേവാരപ്പാത്രങ്ങളും പൂജാദ്രവ്യങ്ങളുംകൊണ്ടു് അവൾ പോകുന്ന ആ പോക്കിൽ എണ്ണയും സോപ്പും തയ്യാറാക്കി അമ്മ കുളിപ്പിക്കുവാൻ വിളിക്കുമ്പോൾ അർദ്ധസമ്മതത്തോടുകൂടി അവൻ പോകുന്ന ആ പോക്കു് അദ്ദേഹം കണ്ടു. ഭസ്മമണിഞ്ഞു, നനമുണ്ടുടുത്തു, ദേവിവിഗ്രഹത്തിൻെറ മുമ്പിൽ നമസ്കരിച്ചു കിടക്കുന്ന അവളുടെ ആ കിടപ്പിൽ തണുത്തു്, വിളർത്തു്, കണ്ണാടിയുടെ മുമ്പിൽ, അവൻ കിടക്കുന്ന ആ കിടപ്പു് അദ്ദേഹം കണ്ടു. അവളുടെ മുദ്രിതമായ ആ അധരത്തിൽ, നിശ്ശബ്ദമായ ആ ചലനത്തിൽ, വിളർത്ത ചുണ്ടും, തളർന്ന കാലും താഴത്തിട്ടു പറക്കുവാൻ ശ്രമിക്കുന്ന സുന്ദരമായ ഒരു ആത്മാവിനെ അദ്ദേഹം കണ്ടു.

൧൨.

ഒരു ദിവസം അന്നപൂൎണ്ണി മകനോട്ട് ഒരു വേളി കഴിക്കേണ്ടതിനേയും അല്ലെങ്കിൽ അളവററ സ്വത്തുക്കളുള്ള ഒരു പുരാതന കുഡുംബം കുററിയററു പോകാവുന്ന ഭയങ്കരമായ ഭവിഷ്യത്തിനേയും പററി സംസാരിച്ചു.

"നമ്മുടെ മഠം അഥവാ കുററിയററാൽതന്നേയും ഈ സ്വത്തൊക്കെ സൽക്കാൎയ്യങ്ങളിലേക്കു ചിലവാക്കാമല്ലൊ, അമ്മേ" അദ്ദേഹം പറഞ്ഞു.

"ചന്ദ്രു, പറയുന്നതിൽ അല്പം കാൎയ്യമുണ്ട്" അമ്മ സമ്മതിച്ചു: "ദരിദ്രരായ അനവധി ബ്രാഹ്മണരുള്ള നമ്മുടെ നാട്ടിൽ എത്ര വലിയ സ്വത്തിനും ചിലവുണ്ടാവും."

"എന്തിനാണമ്മെ ബ്രാഹ്മണർ?" അദ്ദേഹം ചോദിച്ചു. "നമ്മുടെ നാട്ടിൽ എത്ര ഉൽകൃഷ്ടങ്ങളായ സ്ഥാപനങ്ങളുണ്ട് പണത്തിൻെറ ദാരിദ്ര്യം മൂലം കിടന്നു പിടയുന്നു! നോക്കൂ, തൃശ്ശൂര പുതുതായിത്തുറന്ന ആ വിധവാലയം. യുവതികളായ എത്ര വിധവമാൎക്കു ഭേദപ്പെട്ട ഭൎത്താക്കന്മാരെ......"

"ചന്ദ്രൂ—!" അവർ ഒരു നോട്ടം നോക്കി--ശാന്തവും ദയനീയവുമായ ഒരു നോട്ടം!

"ഇല്ല, അമ്മെ" അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു. "അമ്മ പേടിക്കേണ്ട. സുന്ദരിയായ ഒരു മകളുകൂടി അമ്മയെ അടുത്തു ശുശ്രൂഷിക്കുവാനുണ്ടാവും."

എന്നാൽ അന്നപൂൎണ്ണി അതു മുഴുവൻ കേൾക്കാൻ നില്ക്കാതെ ആ മുറിയിൽനിന്നുംപോയി. അവരുടെ ദേവിയുടെ വിഗ്രഹത്തെ ഒരു ദിവസം ഒരു നായ അശുദ്ധമാക്കുവാൻ ഭാവിച്ചു. അന്നുണ്ടായ ഒരു വികാരമാണ് അവൎക്കു അപ്പോൾ ഉണ്ടായതു്. വല്ലാത്ത ഹൃദയഭാരത്തോടുകൂടി തിരിഞ്ഞു നോക്കാതെ അവർ കടന്നുപോയി. തിരിഞ്ഞുനോക്കിയെങ്കിൽ അവർ അതു കാണുമായിരുന്നു—കള്ളച്ചിരികൊണ്ടു വിടൎന്ന ചുണ്ടിന്മേൽ ഒരു കണ്ണീർകണം ഇററുവീണു. നീരും മിന്നലും വഹിച്ചുകൊണ്ടു നില്ക്കുന്ന ഒരു വൎഷമേഘംപോലെ തൻെറ മകൻ നില്ക്കുന്ന ആ കാഴ്ച!

൧൩.

എന്നാണ്, എങ്ങിനെയാണ് മനസ്സിലായതു എന്നു ചോദിച്ചാൽ അവൾക്കു പറയുവാൻ നിശ്ചയമുണ്ടായിയെന്നു വരില്ല. പക്ഷെ

അവൾക്കതു കുറേശ്ശയായി മനസ്സിലായിയെന്നുള്ളതു വാസ്തവമായിരുന്നു. കുറച്ചുദിവസങ്ങൾക്കുമുമ്പിൽ അദ്ദേഹത്തിന്റെ മുഖത്തുനിന്നുതന്നെ ആ വാക്കുകൾ പുറപ്പെട്ടാൽ അവൾ ഇത്രയെ മനസ്സിലാക്കുമായിരുന്നുള്ളു. "പാവം! അദ്ദേഹത്തിനു ഭ്രാന്തായിരിക്കുന്നു!" അദ്ദേഹം അവളോടു യാതൊന്നും പറഞ്ഞില്ല. എന്നിട്ടും അങ്ങിനെയെന്തൊ ഒന്നു തന്നെ സംബന്ധിച്ചു അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥലംപിടിക്കുന്നുണ്ടെന്നു അവൾക്കു തോന്നി. എന്നിട്ടും--അതാണു ആശ്ചര്യം--അദ്ദേഹത്തിനു ഭ്രാന്താണെന്നു അവൾ സംശയിച്ചുപോലുമില്ല! അതു അവൾക്കു മനസ്സിലായി. മനസ്സിലായിട്ടു അവൾ കിടുകിടെ വിറക്കുകയാണു ചെയ്തതു്. എന്നാൽ ക്രമേണ അവ്യക്തമായ ഒരു വികാരം അവളുടെ ഹൃദയത്തിൽ കരുത്തുതുടങ്ങി. അതു് എന്താണെന്നു ആദ്യം അവൾക്കു തന്നെ മനസ്സിലായില്ല. അതു ഭയമായിരുന്നില്ല, വേദനയുമായിരുന്നില്ല. ഒരു തരം പരിഭ്രമം, കേവലം അസന്തോഷകരമല്ലാത്ത ഒരു വികാരം--അവൾക്കു അത്രയെ മനസ്സിലായുള്ളു. എങ്കിലും അതു പാടില്ലാത്തതാണെന്നും അതിന്റെ തല നുള്ളിക്കളയേണ്ടതാണെന്നും അവൾക്കു തോന്നി. അതിനു അവൾ ആത്മാൎത്ഥമായി ശ്രമിക്കുകയും ചെയ്തു. എന്നാൽ, തുലാമാസത്തിലെ വെററിലക്കൊടിപോലെ നുള്ളിയ നുള്ളിയ കമ്പിലെല്ലാം അതു തളിൎത്തുകിളൎക്കുകയാണു ചെയ്തതു്.

ഒരു സ്ത്രീക്കു, സ്ത്രീത്വം തികഞ്ഞാൽ, തന്നെ ഒരു പുരുഷൻ സ്നേഹിക്കുന്നുവെന്നറിയുമ്പോൾ, താൻ പകരം സ്നേഹിക്കുന്നില്ലെങ്കിൽക്കൂടി, ഹൃദയത്തിനു ഒരു ഉന്മേഷവും, ഒരു ഉയൎച്ചയും സഞ്ജാതമാവുന്നു. ലോകത്തിന്റെ കണ്ണിൽ ശാരദ ഒരു സ്ത്രീയും, ഒരു ഭാൎയ്യയും, ഒരു അമ്മയും, ഒരു വിധവയും ആയിക്കഴിഞ്ഞു. എന്നാൽ വാസ്തവത്തിൽ അവൾ ഇതുവരെ ഒരു സ്ത്രീയായിട്ടില്ല! ആൎപ്പുവിളിയും, മുല്ലമാലയും, പട്ടുവസ്ത്രവും, ആൾക്കൂട്ടവും, ഒക്കെ കൊണ്ടുവരുന്ന ഒരു വിവാഹം അവൾക്കു് ഏററവും ആഹ്ലാദപ്രദംതന്നെയായിരുന്നു. സമ്പന്നയും, സംസ്കൃതയും, ഹൃദയാൎദ്രയുമായ ഒരു 'അമ്മ'യും എണ്ണമില്ലാത്ത ഭൃത്യജനങ്ങളും ഭൎത്തൃഗൃഹത്തിലെ അവളുടെ ജീവിതത്തെ ഏററവും ആഹ്ലാദഭരിതവുമാക്കി. എന്നാൽ അവളുടെ ഭൎത്താവിനെ അവൾ അത്രതന്നെ സ്നേഹിച്ചിരുന്നുവെന്നു പറഞ്ഞുകൂടാ. തനിക്കു ഏററവും ഇഷ്ടം കുറഞ്ഞ സഖിയോളവുംകൂടി വിദൂരവൎത്തിയായ ഭൎത്താവിനെ അവൾ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം തന്റെ അരികിൽ വന്നപ്പോൾ അവൾക്കു കുട്ടിക്കളികളെല്ലാം

ഉപേക്ഷിച്ചു പെട്ടെന്നു ഒരു സ്ത്രീയും ഒരു ഭാര്യയുമാവേണ്ടിവന്നു. അദ്ദേഹം സുന്ദരനും വളരെ സൌമ്യശീലനും, ഉൽകൃഷ്ടവിദ്യാസമ്പന്നനും ആയിരുന്നു. എന്നാലും, ഭൎത്താവു് എന്നു വെച്ചാൽ തന്റെ കാൽക്കൽവെച്ച ഒരു ചങ്ങലയെന്നാണു് അവൾ വിചാരിച്ചതു്. ശരൽക്കാലത്തെ കളിമണ്ഡപത്തിൽ പെട്ടെന്നു പെയ്ത ഒരു മഴ പോലെയും, കളിപ്പൊയ്കയിലെ സലിലലീലകൾ മുടക്കിയ ദുഷ്ടനായ ഒരു മുതലപോലെയും ആണു് അദ്ദേഹത്തെ അവൾ കരുതിയതു്. സ്ത്രീത്വത്തിന്റെ മധുരവും സുരഭിലവുമായ മധു നിറയുന്നതിന്നു മുമ്പു പുരുഷന്റെ വെറിപിടിച്ച കൈകൾ ആ മുഗ്ദ്ധമനോഹരങ്ങളായ ഇതളുകൾ പിച്ചിപ്പൊളിച്ചു. അവളുടെ ബാല്യം കഴിഞ്ഞിരുന്നില്ല; അപ്പോഴേക്കും അവളുടെ വികസ്വരമായ മാറത്തു മാതൃത്വത്തിന്റെ മഹാഭാരം ചുമത്തപ്പെട്ടു. അവൾ തന്റെ ഭൎത്താവിനെ സ്നേഹിച്ചില്ല; ഭൎത്താവു മരിച്ചപ്പോൾ എല്ലാവരും കരഞ്ഞ കൂട്ടത്തിൽ അവളും കരയുകയുണ്ടായി. എന്നാൽ തനിക്കു പററിയ നഷ്ടം അപ്പോഴൊന്നും അവൾ മുഴുവൻ അറിഞ്ഞില്ല. പട്ടുവസ്ത്രങ്ങളും സുവൎണ്ണകങ്കണങ്ങളും ഊരിവെക്കേണ്ടി വന്നപ്പോഴാണു് അവൾക്കു അതിന്റെ കയ്പു് തികച്ചും മനസ്സിലായതു്. തനിക്കു് ഇതിനു് ഇടവരുത്തിയ ഭൎത്താവിനെ അവൾ വെറുക്കുകതന്നെ ചെയ്തു.

എന്നാൽ അവൾ തന്റെ കുട്ടിയെ സ്നേഹിച്ചിരുന്നു. ഒരു വിധവയായ സ്ത്രീ തന്റെ ഏകപുത്രനെ സ്നേഹിക്കുന്ന ഒരു സ്നേഹമല്ലായിരുന്നു അതു്. തന്റെ ബാല്യത്തെ സ്മരിപ്പിക്കുന്ന അവന്റെ ചിരികളും കളികളും വികൃതികളും അവളെ രസിപ്പിച്ചുവെന്നു മാത്രം. എന്നാൽ ക്രമേണ അവൾ അവനെ തന്റെ ഹൃദയത്തിന്റെ ഒരു ഭാഗമായെണ്ണി. അവന്റെ ചിരികളും കളികളും അവളെ പിററന്നാളത്തെപ്പററി ആശയോടുകൂടി ആലോചിപ്പിച്ചു.

അപ്പോഴേക്കാണു് ആ അശനിപാതം. പിച്ചച്ചട്ടിയിൽ കരിങ്കല്ലെടുത്തു് ഊക്കോടെ എറിഞ്ഞതുപോലെ നിഷ്ഠൂരമായ ആ സംഭവം അവളെ ജീവിതത്തോടു വെറുപ്പിച്ചു. ഈശ്വരനേയും മതത്തേയുംകൂടി അവൾ വെറുത്തു. ഈശ്വരനേക്കാൾ ദയവുണ്ടായിട്ടു് വൃദ്ധയായ ഒരു സ്ത്രീയും ഹതഭാഗ്യനായ ഒരു ചെറുപ്പക്കാരനുമുണ്ടെന്നു് അവൾ കണ്ടു. അവൎക്കു വേണ്ടി മാത്രമാണു് അന്നവൾ ജീവിച്ചതു. അന്യനുവേണ്ടി ജീവിക്കുന്നുവെന്നു ബോധമുണ്ടായിത്തുടങ്ങിയപ്പോൾ ക്രമേണ ജീവിതത്തിൽ അവൾക്കു് ഒരു രസം തോന്നി. അവളുടെ ജീവിതത്തിന്റെ കലങ്ങിയ വെള്ളം വീണ്ടും ശാന്തമാവാൻ തുടങ്ങി.

അപ്പോഴെക്കാണു ഈ സംഭവം. അതു് അവൾ എങ്ങിനെയാണു് അറിഞ്ഞതെന്നു അവൾക്കും അറിഞ്ഞുകൂടായിരുന്നു— എങ്ങിനേയോ അവൾ അതു അറിഞ്ഞുവെന്നുമാത്രം. അടച്ചിട്ട മുറിയിൽ ചന്ദനത്തിരി കത്തിച്ചുവെച്ചപോലെ, അവളുടെ ഇട്ടത്തി ഇരുളടഞ്ഞ ജീവിതത്തിൽ അതിൻെറ സൌരഭ്യം കുറേശ്ശകുറേശ്ശയായി നിറഞ്ഞുതുടങ്ങി. വൃദ്ധയായ ആ മാതാവിൻെറ ഹൃദയത്തെ അതു് എത്രമാത്രം മുറിപ്പെടുത്തുമെന്നു അവൾക്കു് അറിയാമായിരുന്നു. ഈശ്വരകോപത്തെ അവൾക്കു തെല്ലും വിലയുണ്ടായിരുന്നില്ല. എന്നാൽ സ്നേഹാർദ്രചിത്തയായ ആ വൃദ്ധസ്ത്രീയുടെ സുഖദുഃഖങ്ങളെപ്പററി അവൾക്കു വലിയ ശ്രദ്ധയുണ്ടായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിൻെറ മാർഗ്ഗത്തിൽനിന്നു് അവൾ നിശ്ശേഷം ഒഴിഞ്ഞുമാറി. ഒരു മാസക്കാലം രാമചന്ദ്രൻ അവളെ കാണ്മാൻവേണ്ടി ശ്രമിച്ചു. ഒരു പെൺകിടാവിനുമാത്രം സാധിക്കുന്ന സാമർത്ഥ്യത്തോടുകൂടി അവൾ അദ്ദേഹത്തിൽനിന്നും ഒഴിഞ്ഞുമാറി.

൧൪.

ധനുമാസത്തിലെ ആ തിരുവാതിരനാൾ അദ്ദേഹത്തിൻെറ പിറന്നാളായിരുന്നു. അന്നു പൂർണ്ണ ഒരു ചെറിയ പനികാരണം കിടപ്പിലായതുകൊണ്ടു ശാരദതന്നെ അദ്ദേഹത്തിന്നു് അന്നു വിളമ്പിക്കൊടുക്കണമെന്നു അവർ അവളെ വിളിച്ചു പ്രത്യേകം പറയുകയുണ്ടായി.

അന്നു ശുഭ്രവസ്ത്രങ്ങളുടുത്തു ശാരദതന്നെയാണു് അദ്ദേഹത്തിനു വിളമ്പിക്കൊടുത്തതു്. കുറെക്കാലമായി ഭക്ഷണം വളരെ ചുരുങ്ങിയിരുന്ന അദ്ദേഹം അന്നു ഒരു ക്രമമില്ലാതെ ഭക്ഷിച്ചുതുടങ്ങി. അദ്ദേഹം ഇലയിലേക്കു് നോക്കിയിരുന്നതല്ലാതെ ഒരിക്കലെങ്കിലും ശിരസ്സുയർത്തിയില്ല. അവൾ പ്രഥമൻ വിളമ്പുവാനായി കുനിഞ്ഞു. (അതു് 'വധി'യായിരുന്നുവോ ആവോ.) അവളുടെ തലമുടിക്കെട്ടു പെട്ടെന്നു അദ്ദേഹത്തിൻെറ കഴുത്തിൽ ഉരുണ്ടുവീണു. ശാരദ പെട്ടെന്നു പാത്രം താഴത്തുവെച്ചു, പരിഭ്രാന്തായി, ആ പാരവശ്യത്തോടെത്തന്നെ തലമുടി വാരിക്കെട്ടി. എന്നാൽ തോയാർദ്രമായ ആ ചികുരാവലി തൻെറമേൽ തഴുകിയപ്പോൾ ആ ചെറുപ്പക്കാരൻെറ എല്ലാ സഹനശക്തിയും നശിച്ചു. അദ്ദേഹം തൻെറ ആനതമായ ശിരസ്സുയർത്തി ഒരു നോട്ടംനോക്കി. അവൾ ആ നോട്ടംകണ്ടു. ഒരു പുരുഷൻെറ കണ്ണുകളിൽ കാണുമ്പോൾ ഒരു സ്ത്രീ ഒരിക്കലും തെററിദ്ധരിക്കാത്ത ആ നോട്ടമായിരുന്നു അതു്! അവൾ പൊടുന്നനെ അവിടെ നിന്നുംപോയി മാളികയിൽ തൻെറ അറയിൽ ചെന്നു കമഴ്ന്നടിച്ചുവീണു.

അവൾ എത്രയോ സന്ധ്യയാവുന്നതുവരെ ആ കിടപ്പിൽത്തന്നെ കിടന്നു. പെണ്ണുങ്ങളുടെ തിരുവാതിരക്കളി അപ്പോഴും നിന്നിരുന്നില്ല. അയൽപക്കത്തെ നായർ വീട്ടിൽ അന്നു പൂത്തിരുവാതിരയായിരുന്നു. അവിടെ പൊടിപൊടിച്ച കൈകൊട്ടിക്കളിയാണ്.

"പ്രഥമസമാഗമലജ്ജിതയാ പടുചാടുശതൈരനുകൂലം
മൃദുമധുരസ്മിതഭാഷിതയാ ശിഥലീകൃതജഘനദുകൂലം
ശ്ലഥകുസുമാകുല കുന്തളയാ നഖലിഖിതഘനസ്തനഭാരം
ചരണ മണിത മണിനൂപുരയാ പരിപൂരിത സുരതവിതാനം."

അവൾ അറവാതിൽ തുറന്നു പ്രാന്തയിലേക്കുവന്നു. യാത്രപറയുന്ന സൂര്യൻെറ അരുണാംഗുലകളാലുള്ള പ്രേമമസൃണമായ തഴുകലേററ ആ കാററാടിവൃക്ഷം വികാരതരളിതയായി നില്ക്കുന്നത് അവൾ കണ്ടു. ആ മാതളനാരകച്ചെടിമേൽ പ്രേമബദ്ധരായ രണ്ടു പഞ്ചവർണ്ണത്തത്തകൾ ഇരുന്നു 'ഇണക്കം മൂളുന്നതു' അവൾകണ്ടു. അയൽപക്കത്തെ വീട്ടിൽ പെൺകിടാങ്ങൾ പൂത്തിരുവാതിര ആഘോഷിക്കൽ ഇനിയും അവസാനിപ്പിച്ചിട്ടില്ല. വിചിത്രങ്ങളായ ആടയാഭരണങ്ങളണിഞ്ഞു തലമുടി ഉലച്ചുകൊണ്ടു വട്ടത്തിൽ ചുററി, താളം ചവുട്ടി, വസന്തരാഗത്തിൽ അവർ പാടുകയാണ്:

"സ്മരസമരോചിത വിരചിതവേശാ
ഗളിതകുസുമദര വിലുളിത കേശാ
ഹരിപരിരംഭണ വലിത വികാരാ
കുചകലശോപരി തരളിതഹാരാ
വിചല ദളകലളിതാനനചന്ദ്രാ
തദധരപാനരഭസകൃത തന്ദ്രാ
ചഞ്ചല കുണ്ഡല ദലിതകപോലാ
മുഖരിത രസനിജഘനഗതിലോലാ
ദയിത വിലോകിത ലജ്ജിതഹസിതാ ..."

.....അവളുടെ ചാരത്തു് ആരോ ഒരാൾ വന്നുനിന്നു. ശാരദ തിരിഞ്ഞുനോക്കിയില്ല. എങ്കിലും അതു ആരെന്നു അവൾക്കു മനസ്സിലായി. അവൾ എത്ര തടുത്തിട്ടും നില്ക്കാത്ത ചില മാററങ്ങൾ അവളിൽ വന്നു. വികസ്വരയായ പനിനീർമൊട്ടിൻേറതായ ഒരു നിറം അവളുടെ കവിളുകളിൽ പരന്നു. മലയോടടുക്കുമ്പോഴത്തെ വർഷമേഘത്തി

ൻേറതായ ഒരു നിറം അവളുടെ കടക്കണ്ണുകളിൽ കടന്നു. പൊറമ്പോള അടരുന്ന കൈതപ്പൂവിൻേറതായ ഒരു ശോഭ അവളുടെ അംഗങ്ങ ളിൽ വ്യാപിച്ചു. മീട്ടാൻ തുടങ്ങിയ വീണയുടേതായ ഒരു തരിപ്പു അവ ളുടെ ഹൃദയത്തിൽ തുടങ്ങി.

അദ്ദേഹത്തിൻെറ കൈകൾ വിറച്ചുവിറച്ചു ഉയരുന്നതു അവൾ കണ്ടു. യൌവനത്തിൻെറ മദിപ്പ് അവളുടെ ഹൃദയത്തിൽ പതഞ്ഞു പൊങ്ങിത്തുടങ്ങി. പെട്ടെന്നു സ്നേഹമയിയായ ഒരു വൃദ്ധയുടെ ദയനീ യമായ ഒരു രൂപം അവളുടെ ഹൃദയനേത്രത്തിൻെറ മുമ്പിൽ ആവിർഭ വിച്ചു. അവൾ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. "ജ്യേഷ്ഠാ!"

മേലു തീക്കട്ടവീണപോലെ ഒരു വികാരമാണു അദ്ദേഹത്തിനു ണ്ടായതു്. ഒരു ഞെട്ടല്, ഒരു നീറല്! അദ്ദേഹം അവിടെനിന്നും പാഞ്ഞു പോയി.

മകൻെറ ക്രമംവിട്ടുള്ള ആ പോക്ക് തൻെറ കട്ടിലിന്മേൽ കിടന്നു അമ്മ കണ്ടു. "ചന്ദ്രൂ" അവർ പതുക്കെവിളിച്ചു. മറുപടിയു ണ്ടായില്ല. അവർ പതുക്കെപ്പതുക്കെ മകൻെറ അറയിലേക്ക പോയി. അദ്ദേഹം അവിടെ വേഗംവേഗം ഉലാത്തുകയായിരുന്നു. ചന്ദ്രൂ!" അമ്മ യുടെ വിളികേട്ടപ്പോഴാണു അദ്ദേഹം തല ഉയർത്തിയതു്. "നിനക്കെ ന്താണു്?"

കുറച്ചുനേരം അദ്ദേഹം അമ്മയുടെ മുഖത്തേക്കു തുറിച്ചുനോക്കി. ഒരു ഭ്രാന്തൻെറതു പോലുള്ള നോട്ടം! ഉടനെത്തന്നെ അദ്ദേഹം പതി വുപോലെ മൃദുസ്വരത്തിൽ സംസാരിച്ചു. 'ഒന്നുമില്ലമ്മ, വരൂ അമ്മ പോയി കിടക്കു.' അമ്മയെ കട്ടിന്മേൽ കൊണ്ടുകിടത്തി ചകലാസ്സുകൊ ണ്ടു മൂടിപ്പുതപ്പിച്ചു പൊരാറാവുമ്പോൾ അദ്ദേഹം പറഞ്ഞു: 'അമ്മേ ഈ ആഴ്ചയിൽ തന്നെ എൻെറ വേളി നിശ്ചയിച്ചുകൊള്ളു' ഒരു നിമിഷം നിൽക്കാതെ അദ്ദേഹം പോവുകയും ചെയ്തു.

വൃദ്ധയെങ്കിലും, അന്നപൂർണ്ണിയുടെ ബുദ്ധിശക്തി തീരെ നശി ച്ചിരുന്നില്ല. അവർ കിടന്ന ഉടനെ ഉറങ്ങാതെ എന്തിനെയോപ്പററി ആലോചിച്ചു.

൩൧.

'തീയ്യ്..............തീയ്യ് ............'

ആളുകൾ കൂട്ടംകൂട്ടമായി ഓടി. ശാരദയുടെ മുറിയിൽനിന്നാ ണു തീ കണ്ടതു്. വാതിൽ സാക്ഷയിട്ടിരുന്നു. അകത്തുനിന്നും മരം കത്തി

യടന്നു വിഴുന്ന ശബ്ദം കേട്ടു. അകത്തു കടക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അപ്പോഴാണു് അദ്ദേഹം പാഞ്ഞുവന്നതു്. അദ്ദേഹത്തിന്നു സംശയമുണ്ടായില്ല. മലവെള്ളംപോലെ അദ്ദേഹം ആഞ്ഞടിച്ചു. വാതിൽ പ്പൊളി തകൎന്നുപോയി. അകം നിറച്ചു തീയും പുകയുമായിരുന്നു. ഒന്നും വ്യക്തമായിരുന്നില്ല. ഒരു കഴിഞ്ഞ മണ്ണെണ്ണവിളക്കിന്റെ ചാരത്തു അദ്ദേഹം അവളെ കണ്ടു. വെന്തുതുടങ്ങിയ ആ ശരീരത്തെ തന്റെ മാറോടടക്കിപ്പിടിച്ചുകൊണ്ടു് അദ്ദേഹം പുറത്തേക്കോടി........

## ൧൬.

അമ്മയും മകനും കാവി വസ്ത്രങ്ങൾ ഉടുത്തിരുന്നു. കുഡുംബവക്കീൽ അവരുടെ സ്വത്തിന്റെ മുഴുവൻ പട്ടിക ശരിയാക്കിയിരുന്നു. അദ്ദേഹം ചോദിച്ചു: "അപ്പോൾ ഈ സ്വത്തൊക്കെ ഇനി എന്തു ചെയ്യണം?"

"നാലു ബ്രാഹ്മണസമൂഹം മഠങ്ങളിലേക്കും സമമായി വിഭജിച്ചു കൊടുക്കുക, അല്ലേ അമ്മേ?" രാമചന്ദ്രൻ അമ്മയോടു ചോദിച്ചു.

"അല്ല," അന്നപൂൎണ്ണി മറുപടി പറഞ്ഞു. "നിണക്കു വിരോധമില്ലെങ്കിൽ, തൃശ്ശൂരിലെ വിധവാലയത്തിന്നു സംഭാവന ചെയ്യുകയാണു എനിക്കിഷ്ടം."

"അമ്മേ!" അദ്ദേഹം അവരുടെ മുഖത്തേക്കു നോക്കി.

എന്നാൽ ആ മുഖം നല്ലവണ്ണം കാണ്മാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. മകന്റെ കൈത്തണ്ടമേലുള്ള അമ്മയുടെ പിടി ഒന്നു മുറുകിയെന്നുമാത്രം.